# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ/സി.5/682/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 03/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസിൽ)
2.അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ,ജനറൽ, കണ്ണൂർ (ഇ മെയിൽ)
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ/സി.5/682/22 തീയ്യതി: 03/06/2022

## കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-10-2020 മുതൽ 08-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ .വിനോദ്.കെ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 11-04-2022 | 06-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-04-2022 | 06-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സിന്ധു.ടി.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)-28.04.22 വരെയും 04.05.22 മുതൽ 05.05.22 വരെയും

2.ഷഹീൻ. പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ- 29.04.22 വരെയും 04.05.22 മുതൽ 06.05.22 വരെയും(20.04.22 മുതൽ 23.04.22 വരെ ഔട്ട് ഓഫ് ക്യാമ്പ്)

3.ധന്യ.എം.വി.,ഓഡിറ്റർ - 29.04.22 വരെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.കുടുവൻ പത്മനാഭൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി. ജിഷ. കെ സി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.കൃഷ്ണൻ നിരവത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 26-04-2020 |
| ശ്രീമതി.ചിത്ര പി എൽ | സെക്രട്ടറി | 27-05-2020 | 17-09-2020 |
| ശ്രീ.സുനിൽ കുമാർ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-09-2020 | 15-10-2020 |
| ശ്രീമതി.ചിത്ര പി എൽ | സെക്രട്ടറി | 16-10-2020 | 16-10-2020 |
| ശ്രീ. സുനിൽ കുമാർ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-10-2020 | 09-02-2021 |
| ശ്രീ.സരുൺ.കെ | സെക്രട്ടറി | 10-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമ്പിളി.എൻ.എസ് | ക്ഷീരവികസന ഓഫീസർ | 01-04-2020 | 07-06-2020 |
| ശ്രീമതി.ടിങ്കിൾ മാത്യു | ക്ഷീരവികസന ഓഫീസർ | 07-07-2020 | 26-01-2021 |
| ശ്രീമതി.ദിവ്യ വത്സൻ | ക്ഷീരവികസന ഓഫീസർ | 27-01-2021 | 31-03-2021 |
| ശ്രീമതി.മിനി പി ജോൺ | അസിസ്റ്റന്റ് ഡയറക്ടർ,അഗ്രിക്കൾച്ചർ | 01-04-2020 | 31-03-2021 |
| ശ്രീ.മോഹനൻ.ബി | സൂപ്രണ്ട്, ഗവ.വൃദ്ധസദനം, അഴീക്കോട് | 01-04-2020 | 15-10-2020 |
| ശ്രീ.നാസർ. പി. കെ | സൂപ്രണ്ട്, ഗവ.വൃദ്ധസദനം, അഴീക്കോട് | 16-10-2020 | 17-03-2021 |
| ശ്രീ.നാരായണൻ. പി പി | സൂപ്രണ്ട്, ഗവ.വൃദ്ധസദനം, അഴീക്കോട് | 18-03-2021 | 31-03-2021 |
| ശ്രീ.ലിനീഷ്. ടി കെ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ശ്രീജേഷ്.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജമീല ടി | സി ഡി പി ഒ | 01-04-2020 | 30-04-2020 |
| ശ്രീമതി.നിഷ പാലത്തടത്തിൽ | സി ഡി പി ഒ | 01-05-2020 | 14-09-2020 |

| | | | |
|---|---|---|---|
| ശ്രീമതി പ്രസന്ന എ പി | സി ഡി പി ഒ | 15-09-2020 | 08-10-2020 |
| ശ്രീമതി ദിവ്യ സി | സി ഡി പി ഒ | 09-10-2020 | 31-03-2021 |
| ഡോ.ഷാഹിനാബായി | മെഡിക്കൽ ഓഫീസർ, സി എച്ച് സി , അഴീക്കോട് | 01-04-2020 | 27-01-2021 |
| ഡോ.അഖിൽ പി | മെഡിക്കൽ ഓഫീസർ, സി എച്ച് സി , അഴീക്കോട് | 28-01-2021 | 16-02-2021 |
| ഡോ.അനീഷ് ബാബു ടി | മെഡിക്കൽ ഓഫീസർ, സി എച്ച് സി , അഴീക്കോട് | 17-02-2021 | 31-03-2021 |
| ഡോ.സിന്ധുകല.എ ആർ | മെഡിക്കൽ ഓഫീസർ, സി എച്ച് സി , പാപ്പിനിശ്ശേരി | 01-04-2020 | 31-03-2021 |
| ശ്രീമതി.ലജിത. വി എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.അരവിന്ദ്. ഇ എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |

ഭരണ നിർവ്വഹണ സമിതി-12.11.2020 മുതൽ പുതിയ ഭരണ സമിതി നിലവിൽ വരുന്നതു വരെ ശ്രീമതി.ലജിത വി എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി.മിനി പി ജോൺ, അസിസ്റ്റന്റ് ഡയറക്ടർ, അഗ്രിക്കൾച്ചർ ശ്രീ. സുനിൽ കുമാർ കെ, ബി.ഡി.ഒ(ഇൻ ചാർജ്ജ്)

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu T P (Audit Officer, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sindhu T P (Audit Officer, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-2-1 |
| 4 | സാമ്പത്തിക നില (റസീറ്റ് & പേമെന്റ് പ്രകാരം)<br>Written By: Sindhu T P (Audit Officer, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-7 |
| 9 | ഗ്രാമസഭ<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 1-8 |
| 10 | കമ്മറ്റികളുടെ പ്രവർത്തനം<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 1-9 |
| 11 | രജിസ്റ്റർ സൂക്ഷിപ്പ്<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-10 |
| 12 | വാടക<br>Written By: Dhanya.M.V (Auditor, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-11 |
| 13 | ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹന വിതരണം - ഗുണഭോക്താക്കളുമായി ഉണ്ടാക്കിയ എഗ്രിമെന്റ് വ്യവസ്ഥകൾ പാലിച്ചിട്ടില്ല<br>Written By: Dhanya.M.V (Auditor, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-12 |
| 14 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – രേഖകൾ ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും-1047275രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു<br>Written By: Dhanya.M.V (Auditor, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-13 |
| 15 | ക്ഷീര സംഘങ്ങൾ മുഖേന കറവ പശുക്കൾക്ക് കാലിത്തീറ്റ നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല.1000000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Dhanya.M.V (Auditor, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-14 |

| | | |
|---|---|---|
| 16 | അസറ്റ് മാനേജ്മെന്റ്<br>Written By: Sindhu T P (Audit Officer, On 07-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-15 |
| 17 | അഴീക്കോട് സി എച്ച് സി ഡയാലിസിസ് യൂണിറ്റ് വൈദ്യുതീകരണം ടെണ്ടർ കുറവ് കണക്കാക്കാതെ കരാറുകാരന് അധികം നൽകിയ 8255 രൂപ നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-16 |
| 18 | ചിറക്കൽ ഗ്രാമപഞ്ചായത്തിലെ പുതിയതെരു മാർക്കറ്റ് പ്രദേശത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-17 |
| 19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-18 |
| 20 | സമഗ്ര കുടിവെള്ള പദ്ധതിക്ക് ഡീറ്റേയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കൽ അപാകങ്ങൾ 50144 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Sindhu T P (Audit Officer, On 14-05-2022) | 1-19 |
| 21 | അഴീക്കോട് ഗ്രാമപഞ്ചായത്ത് പഴയ അംബികാ കമ്പിനി മുതൽ സുബ്രഹ്മണ്യം കോവിൽവരെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-20 |
| 22 | അഴീക്കോട് ഗ്രാമപഞ്ചായത്ത് പാലക്കൽ വീട് മുതൽ പൂന്നക്കൽ കരീം വീട് വരെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-21 |
| 23 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ലാപ്പ്ടോപ്പ് - കെൽട്രോണിന് അധിക തുക നൽകിയത് സംബന്ധിച്ച്<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-22 |
| 24 | ലൈഫ് ഭവനപദ്ധതി രേഖകൾ ഹാജരാക്കിയിട്ടില്ല. 1000000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-23 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിലെ അപാകങ്ങൾ 10,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു 18,30,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-24 |
| 26 | ബ്ലോക്ക് ഫാമിലെ നിർമ്മാണ പ്രവർത്തനങ്ങൾ -ഡാറ്റാബാങ്കിൽ ഉൾപ്പെടുന്ന സ്ഥലത്ത് അനുമതിയില്ലാതെ മണ്ണിടൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയതും മറ്റ് അപാകങ്ങളും<br>Written By: Sindhu T P (Audit Officer, On 30-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-25 |
| 27 | അഴീക്കോട് സിഎച്ച് സി യിലെ നിർമ്മാണ പ്രവർത്തനങ്ങൾ - | 1-26 |

| | | |
|---|---|---|
| | ആസൂത്രണത്തിലെ പിഴവുകൾ<br>Written By: Sindhu T P (Audit Officer, On 30-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | |
| 28 | അഴീക്കോട് സി എച്ച് സി ഡയാലിസിസ് യൂനിറ്റിന് ആർ ഒ പ്ലാന്റ് റൂം നിർമ്മാണവും പ്ലംബിംഗും- ടെണ്ടർ ശതമാനം കുറവു ചെയ്യാതെ ബിൽ തുക നല്കിയതും മറ്റ് അപാകങ്ങളും<br>Written By: Sindhu T P (Audit Officer, On 30-04-2022)<br>Last Updated By: Sindhu T P (Audit Officer, On 11-05-2022) | 1-27 |
| 29 | റോഡ് റസ്റ്റോറേഷൻ ചാർജ്ജ് ഉപയോഗപ്പെടുത്താതെ വികസന ഫണ്ട് വകയിരുത്തി അറ്റകുറ്റപ്പണിക്കായുള്ള പദ്ധതികൾ തയ്യാറാക്കുന്നു.<br>Written By: Sindhu T P (Audit Officer, On 30-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-28 |
| 30 | പാപ്പിനിശ്ശേരി വെസ്റ്റ് എൽ പി എസ് റെയിൽവേ ലൈൻ റോഡ് റീടാറിംഗ്<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-29 |
| 31 | വടേശ്വരം കോളനി നടപ്പാത ഇന്റർ ലോക്ക്- പ്രോജക്ട് പ്രകാരമുള്ള അളവുകളും എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ അളവുകളും പൊരുത്തപ്പെടുന്നില്ല-408269രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു<br>Written By: Sindhu T P (Audit Officer, On 09-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-30 |
| 32 | സൈന്യം, പാരമിലിട്ടറി, പോലീസ് വിഭാഗങ്ങളിലേക്ക് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-31 |
| 33 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ - 256000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-32 |
| 34 | ഒഴിഞ്ഞ ബാരൽ വില<br>Written By: Sindhu T P (Audit Officer, On 30-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-33 |
| 35 | പട്ടികജാതി പ്രീമെട്രിക്ക് ഹോസ്റ്റലിൽ ടെലിവിഷൻ, പട്ടികജാതി വികസന ഓഫീസിൽ കമ്പ്യൂട്ടർ ഫർണിച്ചർ വാങ്ങൽ അപാകങ്ങൾ 31545 ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-34 |
| 36 | വൃദ്ധമന്ദിരത്തിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ അപാകങ്ങൾ 20685 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-35 |
| 37 | തനത് ഫണ്ട് ചെലവ് രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല - വിശദമായ അന്വേഷണം ആവശ്യമാണ്<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-36 |
| 38 | അഴീക്കോട് സി എച്ച് സിയിൽ ഡെന്റൽ ചെയർ, ഡെന്റൽ കൺസ്യൂമബിൽസ് വാങ്ങൽ അപാകങ്ങൾ 11853 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-37 |

| | | |
|---|---|---|
| 39 | അഴീക്കോട് സി എച്ച് സിയിൽ ഡയാലിസിസ് യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല-527960 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 1-38 |
| 40 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ 10,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-39 |
| 41 | പ്രീമെട്രിക്ക് ഹോസ്റ്റലിൽ കമ്പ്യൂട്ടർ, മറ്റ് ഉപകരണങ്ങൾ വാങ്ങൽ -നടപടിക്രമങ്ങളിലെ അപാകങ്ങൾ-48006രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shaheen.P (Asst. Audit Officer, On 08-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Sindhu T P (Audit Officer, On 05-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu T P (Audit Officer, On 14-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Sindhu T P (Audit Officer, On 05-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 09.03.2020 തീയതിയിലെ ബി പി സി നമ്പർ 221/19-20 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ വിശദാംശങ്ങൾ സകർമ്മ മീറ്റിംഗ് മിനുട്സിൽ രേഖപ്പെടുത്തുകയോ അറ്റാച്ച് ചെയ്യുകയോ ചെയ്തിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 02.03.2020 തീയതിയിലെ തീരുമാനം നമ്പർ 1 പ്രകാരം ഭരണസമിതിയിലേക്ക് ശുപാർശ ചെയ്ത ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വരവ് | 116823000 |
| ആകെ | 116823000 |
| ചെലവ് | 115461000 |
| നീക്കിയിരിപ്പ് | 1362000 |

മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾ ബജറ്റ് സംബന്ധിച്ച ചർച്ചകൾ നടത്തുകയോ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിച്ചതായും രേഖകളില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് വ്യതിയാനങ്ങൾ സപ്ലിമെന്ററി ബജറ്റിലൂടെ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തി അംഗീകാരം വാങ്ങുന്നില്ല എന്നത് ഗുരുതരമായ അപാകമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 14.07.21 | തിരിച്ചയച്ചിട്ടില്ല |

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 08.07.2021തീയതിയിലെ 134/20-21 നമ്പർ തീരുമാന പ്രകാരമാണ് വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

| | |
|---|---|
| 1 | വരവിനങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾഹാജരാക്കിയിട്ടില്ല. വാടക , ലേലം, പാഴ്വസ്തുക്കളുടെ വില്പന തുടങ്ങി വിവിധ തനതു വരവിനങ്ങളുമായി ബന്ധപ്പെട്ട വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്ന വിവിധ ഫണ്ടിനങ്ങളുടെ വരവു ചെലവുകൾ രേഖപ്പെടുത്തിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. |
| 3 | എം എൻ ആർ ഇ ജി എസ് ഭരണച്ചെലവുകൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂറായി നല്കിയ തുകയുടെയും ക്രമീകരിച്ച തുകയുടെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 4 | വിവിധ ബാങ്ക് ട്രഷറി പാസ്ബുക്കുകൾ(31.03.2021 വരെ അപ്ഡേഷൻ നടത്തിയത്) / സ്റ്റേറ്റ്മെന്റുകൾ, പ്രതിമാസ / വാർഷിക റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. പാസ്ബുക്കുകൾ അപ്ഡേറ്റ് ചെയ്യുകയോ റികൺസിലിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല. |
| 5 | ആർ പി 31 ഷെഡ്യൂളിൽ Contributions For Joint Venture Projects From Block Panchayath എന്ന ഹെഡിൽ രേഖപ്പെടുത്തിയ 134500രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല. ആയത് ബി 4 ഷെഡ്യൂളിൽ സംയുക്ത പദ്ധതികൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്ന ഹെഡിൽ നീക്കിയിരിപ്പായി കാണിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്. |

| | |
|---|---|
| 6 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18.02.2020ലെ സി 1-1307/09 നമ്പർ ഉത്തരവിൽ കേരളോത്സവം നടത്തിപ്പിനായി തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച 134500രൂപ ഉൾപ്പെടെ 150000രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ജനറൽ പർപ്പസ് ഫണ്ടിൽ നിക്ഷേപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. തുക ക്രമീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. 2020-21 സാമ്പത്തിക വർഷമാണ് പ്രസ്തുത തുക ട്രഷറിയിൽ നിന്നും മാറിയെടുത്തത്. |
| 7 | യുവജനക്ഷേമ ബോർഡിൽ നിന്നും കേരളോത്സവം നടത്തിപ്പിനായി 2019-20 സാമ്പത്തിക വർഷം 60000രൂപ ലഭിക്കുകയും 9988രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. നീക്കിയിരിപ്പ് 50012രൂപ. എന്നാൽ ലഭിച്ച തുക മുഴുവനായും വിനിയോഗിച്ചതായാണ് യുവജനക്ഷേമ ബോർഡിനെ അറിയിച്ചിട്ടുള്ളത്. കേരളോത്സവം നടത്തിപ്പിനായി വന്ന ആകെ ചെലവ് 159988രൂപയാണ്. ഇതിൽ 150000രൂപ വികസന ഫണ്ടും (തനതു ഫണ്ട് ചെലവഴിച്ച ശേഷം ക്രമീകരിച്ചത്) 9988രൂപ യുവജനക്ഷേമ ബോർഡ് വിഹിതവുമാണ്. വികസന ഫണ്ട് കൂടുതലായി പിൻവലിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. |
| 8 | സംയുക്ത പദ്ധതികൾക്കായുള്ള ഗ്രാമപഞ്ചായത്ത് വിഹിതം എന്ന ഹെഡിൽ ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഗ്രാമൻ കുളം സംരക്ഷണ പ്രവൃത്തികൾക്കായി ലഭിച്ച 100000രൂപ ആർ പി 31 ഷെഡ്യൂളിൽ വരവായും ബി 4 ഷെഡ്യൂളിൽ നീക്കിയിരിപ്പായും കാണിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത തുക 2020-21 സാമ്പത്തിക വർഷം ചെലവഴിച്ചതാണ്. (ചെക്ക് നമ്പർ 5838651/22.12.2020). ചെലവഴിച്ച തുക നീക്കിയിരിപ്പായി രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അക്കൗണ്ട് ക്രമീകരിച്ചത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതുമാണ്. |
| 9 | വർഷങ്ങളായി നീക്കിയിരിപ്പായി തുടരുന്ന ഫണ്ടിനങ്ങൾ തിരിച്ചടക്കാതെ നിഷ്ക്രിയമായി തുടരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്(ഉദാഹരണം ഐസി ഡി എസ് - 460429, കുടിവെള്ള പദ്ധതിക്കായി ലഭിച്ച ഗ്രാന്റ്-113575രൂ). |
| 10 | ആർ പി 10 ൽ Misc. Receipts ഹെഡിൽ രേഖപ്പെടുത്തിയ 14090രൂ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല. |
| 11 | ആർ പി 38 ൽ ഫിക്സഡ് അസറ്റ് ആയി രേഖപ്പെടുത്തിയ തുകയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലില്ലാത്ത ആസ്തികൾക്കായി ചെലവഴിച്ച തുകയും പ്രോജക്ട് നമ്പർ 131/21 ( Detailed Engineering Report For Comprehensive Drinking Water Projects In Grama Panchayaths ) ന്റെ ഭാഗമായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 750000രൂപയും ഉൾപ്പെടുന്നു. ആസ്തി സൃഷ്ടിക്കുന്നതിനു വേണ്ടിയല്ലാതെ ചെലവഴിച്ച തുക ഈയിനത്തിൽ ഉൾപ്പെടുത്തിയതിനും പഞ്ചായത്തുകൾക്കു വേണ്ടി സൃഷ്ടിച്ച ആസ്തികൾ അതാത് പഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെടുത്താതെ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി രേഖപ്പെടുത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.<br><br>ബി 11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ആസ്തികളുടെ വിശദാംശങ്ങൾ ലഡ്ജർ വച്ച് പരിശോധിച്ചപ്പോഴും ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ മുൻവർഷങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽ പെട്ടു.<br><br>ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ആസ്തി വിവരങ്ങൾ ഏത് തീയതി വരെ കാലികമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടില്ല. |
| 12 | വാഹന വാടകയിനത്തിൽ ചെലവഴിച്ച 30495രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല |
| 13 | ഡിപ്രീസിയേഷൻ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിന് (ബി 11(എ) ഷെഡ്യൂൾ) കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല. |
| 14 | ബി 4, ബി 17 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല. (ഉദാഹരണം സാക്ഷരത-ബി4 -71744രൂപ, ബി 17-74215രൂപ<br><br>എസ് ജി എസ് വൈ - ബി4 -33664രൂപ, ബി 17-448701രൂപ) |

| | |
|---|---|
| 15 | ബി 9 ഷെഡ്യൂളിൽ വാറ്റിനത്തിൽ 15926രൂപയും റവന്യൂ റിക്കവറി ഇനത്തിൽ 5395രൂപയും ബാധ്യതയായി ചേർത്തിട്ടുണ്ട്. തുക സമയബന്ധിതമായി അതാത് ഹെഡുകളിൽ ഒടുക്കു വരുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. റീഫണ്ട് ഓഫ് അൺയൂട്ടിലൈസ്ഡ് ഗ്രാന്റ്സ് എന്ന ഹെഡിലുള്ള 131709രൂപയും വിവിധ പദ്ധതികളുടെ ഭാഗമായി വിനിയോഗിക്കാതെ അവശേഷിച്ച തുക തിരിച്ചടച്ചതാണ്. റീഫണ്ട്സ് പേയബിൾ -അദേഴ്സ് എന്ന ഹെഡിൽ 191870രൂപയും ബാധ്യതായി തുടരുന്നു. പ്രസ്തുത തുകകൾ നാളിതുവരെ ക്രമീകരിക്കാതിരുന്നത് ശരിയല്ല.തുക അതാത് കണക്കിനങ്ങളിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. |

## 1-3 സാമ്പത്തിക നില (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9733209 |
| വരവ് | 48069391 |
| ആകെ | 57802600 |
| ചെലവ് | 54927647 |
| നീക്കിയിരിപ്പ് | 2874953 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹18255 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹7231737 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,68,99,698 | 2,68,99,698 | 2,59,23,155 | 9,76,543 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6870000 | 6870000 | 5631670 | 1238330 |
| വികസന ഫണ്ട് - ടി എസ് പി | 0 | 232000 | 232000 | 0 | 232000 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4702946 | 4702946 | 4188479 | 514467 |
| ധനകാര്യ കമ്മീഷൻ | 0 | 5050000 | 5050000 | 5009441 | 40559 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്- ബേസിക്ക് ഗ്രാന്റ് | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ട് | 0 | 5050000 | 5050000 | 901077 | 4148923 |

മറ്റ് ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററോ മറ്റ് രേഖകളോ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് ബി 4 ഷെഡ്യൂൾ 2019-20 | വരവ് ആർ പി 7,31 2020-21 | ആകെ | നീക്കിയിരിപ്പ് ബി 4 2020-21 | റിമാർക്സ് |
|---|---|---|---|---|---|
| എസ്.ജി.എസ്.വൈ | 15050 | 18614 | 33664 | 33664 | രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| ഐ എ വൈ | 243845 | .. | 243845 | 243845 | .. |
| ടി എസ് സി | 578419 | 17594 | 596013 | 596013 | രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| ഐസിഡിഎസ് | 460429 | .. | 460429 | 460429 | വർഷങ്ങളായി തുടർന്നു വരുന്നു. |
| മറ്റ് കേന്ദ്രസർക്കാർ ഗ്രാന്റുകൾ | 35931 | .. | 35931 | 35931 | വിശദാംശങ്ങൾ ലഭ്യമല്ല |
| സംയുക്ത പദ്ധതി- കാപ്പിറ്റൽ എക്സ്പെന്റിച്ചർ- ബ്ലോക്ക് പഞ്ചായത്ത് | .. | 134500 | 134500 | 134500 | വിശദാംശങ്ങൾ ലഭ്യമല്ല |
| കുടിവെള്ള പദ്ധതിക്കായുള്ള കേന്ദ്രസർക്കാർ ഗ്രാന്റുകൾ | 113575 | .. | 113575 | 113575 | .. |
| കേരളോത്സവം | 50012 | .. | 50012 | 50012 | |
| വില്ലേജ് പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം | 5504 | .. | 5504 | 5504 | വിശദാംശങ്ങൾ ലഭ്യമല്ല |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം - റവന്യൂ | 32000 | .. | 32000 | 32000 | വിശദാംശങ്ങൾ ലഭ്യമല്ല |
| ജില്ലാ പഞ്ചായത്ത്- റവന്യൂ | 28000 | 500000 | 528000 | 28000 | .. |
| നിർമ്മൽ പുരസ്കാർ | 283456 | .. | 283456 | 283456 | .. |
| ഗ്രാമ പഞ്ചായത്ത്- | 20000 | 100000 | 120000 | 120000 | 100000രൂപ ചെലവഴിച്ചിട്ടുണ്ട്. |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ | 21760 | 17887 | 39647 | 39647 | വിശദാംശങ്ങൾ ലഭ്യമല്ല. |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 71744 | .. | 71744 | 71744 | വിശദാംശങ്ങൾ ലഭ്യമല്ല |
| മറ്റ് ഗ്രാന്റുകൾ | | | | 3000 | |

വിവിധ പദ്ധതികൾക്കായി ലഭിച്ച ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതും ഗ്രാന്റ് വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

ഗ്രാന്റ് വിനിയോഗ പത്രിക

ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 108 | 61458604 | 94 | 43799917 | 11 | 58 | 83 | 76.85 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സിഡിപിഒ | 3 | 3 | 24,18,275 | 23,96,756 | 99.11 |
| സെക്രട്ടറി | 24 | 17 | 1,12,79,337 | 73,42,351 | 65.1 |
| സൂപ്രണ്ട് , വൃദ്ധസദനം | 3 | 3 | 30,14,000 | 10,39,500 | 34.49 |
| മെഡിക്കൽ ഓഫീസർ,സിഎച്ച്സി | 23 | 22 | 72,28,278 | 64,89,789 | 89.78 |
| എസ് സി ഡി ഒ | 8 | 8 | 53,95,683 | 52,76,193 | 97.79 |
| അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 6 | 5 | 22,68,500 | 13,68,046 | 60.31 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 25,00,000 | 13,83,472 | 55.34 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | 3 | 19,83,146 | 8,53,574 | 43 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 36 | 31 | 2,43,71,385 | 1,76,50,236 | 69.57 |
| ആകെ | 108 | 94 | 6,14,58,604 | 4,37,99,917 | 71.27% |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.04.22 ന് ഉച്ചയ്ക്ക് 12.45 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു .

## 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത സംഗതികൾക്ക് വേണ്ടി പദ്ധതികൾ രൂപീകരിക്കുന്നത് ശരിയായ നടപടിയല്ല. കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172(1) വകുപ്പ് പ്രകാരമുള്ള നാലാം പട്ടികയിൽ നിർദ്ദേശിച്ച

ചുമതലകൾക്കല്ലാതെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഗ്രാമീണ റോഡ് സംരക്ഷണ പ്രവൃത്തികൾക്കും തോടുകളുടെയും കുളങ്ങളുടെയും സംരക്ഷണ പ്രവൃത്തികൾക്കും വേണ്ടി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ വരുന്ന സ്ഥലങ്ങളിൽ നടത്തുന്ന പദ്ധതികളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള അപേക്ഷ പ്രകാരമല്ലാതെ പദ്ധതികൾ നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്റർ പ്രകാരമുള്ള അളവുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ആസ്തി രജിസ്റ്ററിലെ ബന്ധപ്പെട്ട പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രോജക്ട് ഫയലിന്റെ ഭാഗമാക്കേണ്ടതുമാണ്.

എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ പദ്ധതിപ്രദേശത്തിന്റെ നിലവിലുള്ള അവസ്ഥയും (വിവിധ ഏജൻസികൾ അതേ സൈറ്റിൽ നടപ്പാക്കിയ പ്രവൃത്തികൾ ഉൾപ്പെടെ) റോഡ് പ്രവൃത്തികളുടെ കാര്യത്തിൽ ചെയിനേജും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തനതു വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമല്ല. ധനസഹായങ്ങൾ ഏത് ആവശ്യങ്ങൾക്കായി ലഭിച്ചതാണെന്നോ ലഭിച്ചത് ഏത് വർഷത്തേക്കുള്ള പദ്ധതികൾക്കായാണെന്നോ പരിശോധിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ബിഡിഒ യുടെ ചുമതലയിൽ വരുന്ന കാര്യങ്ങൾക്കായുള്ള ഫണ്ടിനങ്ങളും ത്രിതല ഭരണസംവിധാനത്തിന്റെ ഭാഗമായി നിർവ്വഹിക്കേണ്ട ചുമതലകൾക്കായി ലഭിക്കുന്ന ഫണ്ടിനങ്ങളും വേർതിരിച്ച് സൂക്ഷിക്കാതിരിക്കുന്നതും പരിശോധനയ്ക്ക് തടസമാകുന്നുണ്ട്.

കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനു മുമ്പ് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നില്ല എന്നതും അപാകമാണ്. കെട്ടിട നിർമ്മാണം പൂർത്തിയായ ശേഷം നമ്പർ ഇടുന്നതിനായി ഗ്രാമപഞ്ചായത്തുകളെ സമീപിക്കുമ്പോൾ ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലമായതിനാൽ നമ്പർ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഉദാഹരണം-വനിതാ വ്യവസായ എസ്റ്റേറ്റിലെ പുതിയ നിർമ്മിതി.

ബ്ലോക്ക് ഫാമിനു വേണ്ടി 2016-17 സാമ്പത്തിക വർഷം വാങ്ങിയ 1.7 ഏക്കർ സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതാണ് (കൈപ്പാട് പ്രദേശം). പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനു മുമ്പ് റവന്യൂ അധികാരികളുടെ അനുമതി വാങ്ങിയിട്ടില്ല എന്നത് അപാകമാണ്. (ചുറ്റുമതിൽ , പമ്പ് ഹൗസ്, മണ്ണ് നിറക്കൽ). ജലസ്രോതസ്സ് ഉറപ്പു വരുത്താതെ പമ്പ് ഹൗസിനു മാത്രമായി പദ്ധതി തയ്യാറാക്കിയതും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

സി എച്ച് സി കളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനു മുമ്പ് , ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റികളുടെ മീറ്റിംഗുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാതിരിക്കുന്നത് പലപ്പോഴും വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ ഒന്നു തന്നെ ആകാൻ കാരണമാകുന്നുണ്ട്.ഉദാഹരണം അഴീക്കോട് സി എച്ച് സിയിലെ നവീകരണ പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി തയ്യാറാക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്ത ശേഷമാണ് എൻ എച്ച് എം ഫണ്ടുപയോഗപ്പെടുത്തി അതേ പ്രവൃത്തികൾ ചെയ്യുന്നതായി അറിയുന്നത്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതും മറ്റ് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നടത്തുന്ന ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ചെലവ് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി ബി 11, ആർ പി 38 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തുന്നതും ശരിയായ നടപടിയല്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതിയേതര ചെലവുകളുമായി ബന്ധപ്പെട്ട രേഖകളും വാർഷിക ധനകാര്യ പത്രിക പരിശോധിക്കുന്നതിനാവശ്യമായ രേഖകളും പരിശോധനക്കായി ഹാജരാക്കാതിരുന്നത് ഗുരുതരമായ അപാകമാണ്. എച്ച് എ അവധിയിലായതിനാലാണ് രേഖകൾ ഹാജരാക്കാൻ കഴിയാത്തത് എന്നാണ് മറുപടി നല്കിയത്. സ്ഥാപനത്തെ മുൻകൂട്ടി അറിയിച്ച ശേഷമാണ് ഓഡിറ്റ് നടത്തുന്നത് എന്നതിനാലും എച്ച് എ അവധിയിൽ പോകുന്ന വിവരം നേരത്തെ അറിയാമായിരുന്നതിനാലും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാതിരുന്നത് ഓഡിറ്റിൽ ഗൗരവമായി കാണുന്നു.

## 1-8 ഗ്രാമസഭ

2020-21 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഗ്രാമസഭ സമ്മേളിച്ചിട്ടില്ല .

## 1-9 കമ്മറ്റികളുടെ പ്രവർത്തനം

സ്റ്റാൻഡിംഗ് കമ്മറ്റി

സ്റ്റാൻഡിംഗ് കമ്മറ്റികൾ നിശ്ചിത ഇടവേളകളിൽ സമ്മേളിക്കുന്നുണ്ട്. ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള ബജറ്റ് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സ്റ്റാൻഡിംഗ് കമ്മറ്റികളിൽ അവതരിപ്പിക്കുകയോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക്

ശുപാർശ ചെയ്യുകയോ ചെയ്യുന്നില്ല എന്നത് അപാകമാണ്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ പദ്ധതി അവലോകനം നടത്തുന്നില്ല.
ആസൂത്രണ സമിതി
ആസൂത്രണസമിതി യോഗങ്ങളുടെ യോഗ മിനുട്സ് തയ്യാറാക്കിയിട്ടില്ല.
വർക്കിംഗ് ഗ്രൂപ്പ്
കൃഷി അനുബന്ധ മേഖലകൾ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പൂർണ്ണമല്ല. വർക്കിംഗ് ഗ്രൂപ്പുകളിലൊന്നും തന്നെ പദ്ധതി അവലോകനവും മോണിറ്ററിംഗും നടക്കുന്നതായി മിനുട്സ് ചെയ്യപ്പെട്ടിട്ടില്ല. പദ്ധതി രൂപീകരണത്തിനു ശേഷം കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ കൺവീനറാക്കി മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിക്കേണ്ടതാണെന്നും പദ്ധതികൾ കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണെന്നുമുള്ള മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

## 1-10 രജിസ്റ്റർ സൂക്ഷിപ്പ്

ആസ്തി രജിസ്റ്റർ ഏത് തീയതി വരെ കാലികമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ തുടങ്ങി അവശ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകളൊന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല എന്നത് ഗുരുതരമായ അപാകമാണ്. തനതു വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലും വർഷാവസാന സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകളും കേരളാ ഫിനാഷ്യൽ കോഡ് വാല്യം 1 ലെ അനുബന്ധ പത്രികകളിൽ നിർദ്ദേശിക്കുന്ന മാതൃകയിൽ സൂക്ഷിക്കുന്നില്ല.

## 1-11 വാടക

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള താഴെ പറയുന്ന മുറികളുടെ വാടക ഈടാക്കിയിട്ടില്ല .
1) അഴീക്കോട് മിനി വ്യവസായ എസ്റ്റേറ്റ്

| ക്രമ നം | പേര് | വാടക മുറിയുടെ നം. | വാടക | 31.3.21 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | അജിത കെ.പി | 6/block 2 | 2109 | 40090 |
| 2 | ജയശ്രീ സുനിൽ | 1/block 3 | 2227 | 42313 |
| 3 | കൃപ രജീഷ് | 2/block 3 | 2227 | 39086 |
| 4 | കെ.ടി ബേബി | 3/block 3 | 2227 | 53448 |
| 5 | ശാലിനി അനുരുദ്ധൻ | 4/block 3 | 2227 | 71726 |
| 6 | പി സതീന്ദ്രൻ | 1/block 2 | 2101 | 44482 |
| 7 | ശ്രീശൻ | 2/block 2 | 3175 | 102260 |

2) ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മറ്റ് മുറികളുടെ വാടക

| ക്രമ നം | പേര് | വാടക മുറിയുടെ നം. | വാടക | 31.3.21 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | കാഞ്ഞിരത്താൻ വയൽ അംഗനവാടി | - | 5800 | 166800 |

വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വ്യക്തമല്ലാത്തത് പരിശോധനയ്ക്ക് തടസമാകുന്നുണ്ട്. കൃത്യമായും വ്യക്തമായും രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വർഷാവസാന സംക്ഷിപ്തം രജിസ്റ്ററിന്റെ ഭാഗമാക്കേണ്ടതുമാണ്.

വാടകയ്ക്ക് നല്കുന്ന കെട്ടിടങ്ങളുടെയും ഒഴിഞ്ഞു കിടക്കുന്നവയുടെയും വിവരങ്ങൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ (നം.38/30.4.22)ന് നൽകിയ മറുപടിയിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതും അറിയിക്കേണ്ടതാണ്.

## 1-12 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹന വിതരണം - ഗുണഭോക്താക്കളുമായി ഉണ്ടാക്കിയ എഗ്രിമെന്റ് വ്യവസ്ഥകൾ പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ശിശുവികസന പ്രൊജക്ട് ഓഫീസർ

പ്രൊജക്ടിന്റെ പേര് -ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹന വിതരണം (സ്പിൽ ഓവർ)

പ്രൊജക്ട്നമ്പർ-68/21
വികസനഫണ്ട് -255000

ചെലവ് - 162000

ബിൽ നം./തീയ്യതി/തുക – 1/2020-21/17.4.20/ 162000

മേൽ പ്രോജക്ട് പ്രകാരം 162000 /- രൂപ ചെലവഴിച്ച് 2ഗുണഭോക്താക്കൾക്ക് (അസ്കർ, സിദ്ദിഖ് ) കെൽട്രോണിൽ നിന്നും മുച്ചക്രവാഹനം വാങ്ങി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുമായി ഉണ്ടാക്കിയ എഗ്രിമെന്റ് വ്യവസ്ഥയിൽ 3 മാസത്തിനകം ട്രൈ സ്കൂട്ടർ ഓടിക്കാനുള്ള ഡ്രൈവിംഗ് ലൈസൻസ് എടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സിദ്ദിഖ് എന്ന ഗുണഭോക്താവിന്റെ ഡ്രൈവിംഗ് ലൈസൻസ് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.ടിയാൻ വാഹനം ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. മേൽ വിശദീകരണങ്ങൾ ഹാജരാക്കേണ്ടത് സംബന്ധിച്ച് 28.4.22 ന് നൽകിയ 37ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കയിട്ടില്ല.

## 1-13 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – രേഖകൾ ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും-1047275രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ - ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ

പ്രൊജക്ടിന്റെ പേര് -ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

പ്രൊജക്ട്നമ്പർ-37/21
വികസനഫണ്ട് - 18257

ധനകാര്യ കമ്മീഷൻ അവാർഡ് -2188018

ആകെ അടങ്കൽ - ₹2206275

ചെലവ് - ₹2206275

ട്രഷറി റഫറൻസ് നം./തീയ്യതി/തുക –1) 201901000000034994/17.2.21/₹648625

2) 201901000000042162/27.3.21/₹8257

3) 201901000000030812/20.1.21/₹327775

4) 201901000000030981/21.1.21/184750

5) 201901000000021907/27.10.20/76650

6) 201901000000021900/2.11.20/147525

7)201901000000035221/22.2.21/38600

) 201901000000042159/27.3.21/14093

1) മേൽ പദ്ധതി പ്രകാരം 4 ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ചിറക്കൽ, വളപട്ടണം, അഴീക്കോട് ഗ്രാമപഞ്ചായത്തുകൾക്ക് നല്കിയ ധനസഹായമായ 1456275 രൂപയുടെ ബില്ലുകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയത്.പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന് നല്കിയ 750000 രൂപയുമായി ബന്ധപ്പെട്ട ബില്ലും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ചിറക്കൽ | 648625 |
| വളപ്പട്ടണം | 300000 |
| അഴീക്കോട് | 507650 |
| പാപ്പിനിശ്ശേരി | ഹാജരാക്കിയിട്ടില്ല |

2) ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തത്
(എ)അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ വെബ് സാംഖ്യയിൽ നിന്നുള്ള വിതരണ സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ താഴെ പറയുന്ന 21 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക ലഭിച്ചിട്ടില്ല .

| ക്രമ നം. | പേര് | തുക |
|---|---|---|
| 1 | ഷബ്ന ടി.പി | 5375 |
| 2 | ശ്രീലക്ഷ്മി സി.എ | 5375 |
| 3 | സനശ്രീ കെ | 6475 |
| 4 | വിവേക് പി | 5375 |
| 5 | ഫവാസ് സി.പി | 8125 |
| 6 | സെയ്ഫ് അലി പി.വി | 8125 |
| 7 | അദ്വൈത് സുഭാഷ് | 2400 |
| 8 | വിനായക് ടി.വി | 8875 |
| 9 | അനുഗ്രഹ് കെ | 6125 |
| 10 | സാജർ സി.പി | 6125 |
| 11 | ശ്രീലയ കെ | 2400 |
| 12 | ആകാശ് പി പി | 6125 |
| 13 | ഷഹാദൻ പി കെ | 6125 |
| 14 | ശ്രീനിത്യാനന്ദ് | 6125 |
| 15 | അഭിനവ് ആർ | 2700 |
| 16 | ഷിസ ഫാത്തിമ | 6125 |
| 17 | മജിത എം | 6125 |
| 18 | വൈഷ്ണവ് | 6125 |
| 19 | ഫാത്തിമത്തുൽ അലിയ | 6125 |
| 20 | നഫിയ കെ | 4375 |
| 21 | ഹിർഷാന | 1750 |
| ആകെ | | 116475 |

(ബി)ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ വെബ് സാംഖ്യയിൽ നിന്നുള്ള വിതരണ സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ താഴെ പറയുന്ന 8 കുട്ടികൾക്ക് സ്കോളർഷിപ്പ് തുക ലഭിച്ചിട്ടില്ല.

| ക്രമ നം. | പേര് | തുക |
|---|---|---|
| 1 | നിതുൽ കെ | 22500 |
| 2 | വിസ്മയ ഒ | 22500 |
| 3 | നവീൻ കെ | 22500 |

| | | |
|---|---|---|
| 4 | നഫ്സീറ എം.എം | 22500 |
| 5 | സ്വരാഗ് എം | 22500 |
| 6 | അധിൽ അബ്ദുള്ള | 22500 |
| 7 | അർജ്ജുൻ പി | 22500 |
| 8 | ആരോമൽ കെ.വി | 22500 |
| ആകെ | | 180000 |

(സി) വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ വെബ് സാംഖ്യയിൽ നിന്നുള്ള വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം ഒരു കുട്ടിക്ക് ( ഫാത്തിമ കെ – 800) സ്കോളർഷിപ്പ് തുക ലഭിച്ചിട്ടില്ല.

വിതരണം ചെയ്യാത്ത തുക തിരികെ ലഭിച്ചിട്ടുണ്ടോ എന്നും പിന്നീട് ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് 27.4.22 തീയതിയിൽ നൽകിയ 27-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. മേൽക്കാരണങ്ങളാൽ 10,47,275രൂപയുടെ (7,50,000+116475+180000+800) ചെലവ് തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 ക്ഷീര സംഘങ്ങൾ മുഖേന കറവ പശുക്കൾക്ക് കാലിത്തീറ്റ നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല.1000000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - ഡയറിഎക്സ്റ്റൻഷൻഓഫീസർ

പ്രൊജക്റ്റിന്റെ പേര് ക്ഷീര സംഘങ്ങൾ മുഖേന കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം

പ്രൊജക്റ്റ്നമ്പർ-18/21

അടങ്കൽ

വികസനഫണ്ട് -₹1000000

മറ്റുള്ളവ – ₹1000000

ആകെ അടങ്കൽ -₹2000000

ചെലവ് -₹1000000 (വികസനഫണ്ട്)

ബിൽ നം./തീയ്യതി/ തുക - 1/28.9.20/₹145140

2/8.1.21/₹297540

3/29.3.21/₹165920

4/31.3.21/₹383400

മേൽ പ്രൊജക്റ്റ് പ്രകാരം ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് ചിറക്കൽ, പാപ്പിനിശ്ശേരി എന്നീ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. പ്രോജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. സ. ഉ. (കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 6.2.15 പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക ₹10000 ആണ്. മേൽ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ഇരട്ടിപ്പില്ലാതെ മേൽ പ്രോജക്റ്റ് ഏറ്റെടുക്കാം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം ക്ഷീരകർഷകർക്ക് പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഫയലിൽ ഇല്ല. ആയതിനാൽ ഇതേ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകൾ മുഖേന സബ്സിഡി ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.

2. മേൽ ഉത്തരവിലെ ഖണ്ഡിക 6.2.15 പ്രകാരം കേരള ഫീഡ്സ് കാലിത്തീറ്റയും മിൽമ ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റയും പ്രാദേശിക സർക്കാരുകൾക്ക് വാങ്ങാവുന്നതാണ്. കേരള ഫീഡ്സ്, മിൽമ എന്നിവിടങ്ങളിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം ഈ സ്ഥാപനങ്ങളുടെ നിരക്കിനേക്കാൾ കുറവാണെന്ന് ഉറപ്പാക്കി ടെണ്ടർ/ഇ ടെണ്ടർ മുഖേന മറ്റിടങ്ങളിൽ നിന്ന് കാലിത്തീറ്റ വാങ്ങാവുന്നതാണ്. എന്നാൽ ഇത് പ്രകാരമാണോ പദ്ധതിയുടെ ഭാഗമായി കാലിത്തീറ്റ പർച്ചേസ് ചെയ്തതെന്ന് വ്യക്തമല്ല. ക്ഷീരസംഘങ്ങൾ കാലിത്തീറ്റ വാങ്ങിയതുമായി ബന്ധപ്പെട്ട പർച്ചേസ് ബില്ലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ വിശദീകരണങ്ങൾ ഹാജരാക്കേണ്ടത് സംബന്ധിച്ച് 28.4.22 ന് നൽകിയ 36ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ 1000000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 അസറ്റ് മാനേജ്മെന്റ്

അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. വ്യക്തമായ ആസൂത്രണത്തോടുകൂടിയല്ലാതെയാണ് പദ്ധതികൾ തയ്യാറാക്കുന്നത് . അസറ്റ്മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കാര്യത്തിൽ വകുപ്പ് തലത്തിലും മറ്റ് ഏജൻസികൾ മുഖേനയും നടപ്പാക്കാനിടയുള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാകുന്നില്ല. സി എച്ച് സി കളിൽ നിർമ്മാണപ്രവർത്തനങ്ങൾക്കായി എൻ എച്ച് എം ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതികൾ തയ്യാറാക്കിയത് പരിഗണിക്കാതെ ബ്ലോക്ക് പഞ്ചായത്ത് അതേ പദ്ധതിതന്നെ ഏറ്റെടുക്കാനിടയായതിനാൽ ബ്ലോക്ക് പദ്ധതി പാതിവഴിയിൽ നിർത്തിവെച്ചത് ഇതിന് ഉദാഹരണമാണ് . ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള ആസ്തികളിൽ നടത്തുന്ന സംരക്ഷണ പ്രവർത്തനങ്ങളിലും വ്യക്തമായ പ്ലാനിംഗിന്റെ അഭാവം ദൃശ്യമാകുന്നുണ്ട്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് അടിസ്ഥാന ഭൂനികുതി ഒടുക്കിയിട്ടില്ല

2019-20,20-21 സാമ്പത്തിക വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് വില്ലേജ് ഓഫീസുകളിൽ അടിസ്ഥാന ഭൂനികുതി ഒടുക്കിയിട്ടില്ല. ആസ്തികൾ കൈയ്യേറ്റങ്ങളിൽ നിന്ന് സംരക്ഷിക്കേണ്ടതും അടിസ്ഥാന ഭൂനികുതി യഥാസമയം ഒടുക്ക വരുത്തി പിഴപ്പലിശ ബാധ്യത ഒഴിവാക്കേണ്ടതും കൈയ്യേറ്റങ്ങൾ തടയേണ്ടതുമാണ്.

ബ്ലോക്ക് ഫാം

ബ്ലോക്ക് ഫാമിനു വേണ്ടി 2016-17 സാമ്പത്തിക വർഷം വാങ്ങിയ 1.7ഏക്കറോളം വരുന്ന ഭൂമിയിൽ അതിർത്തിത്തർക്കം കാരണം പ്രവർത്തനങ്ങൾ നടത്താൻ കാലതാമസം വന്നത് ഭൂമി വാങ്ങുന്ന സമയത്ത് സ്ഥലം അളന്നു തിട്ടപ്പെടുത്തി അതിർത്തി മാർക്കു ചെയ്യാതിരുന്നതിനാലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഫാം നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ പെടുന്നതല്ല എന്ന കാര്യവും ശ്രദ്ധിക്കുക. അനുയോജ്യതാ സാക്ഷ്യപത്രം പോലും വാങ്ങാതെ കൈപ്പാട് പ്രദേശത്ത് ഇത്രയധികം ഭൂമി വാങ്ങിയത് നാളിതുവരെയായി നിശ്ചിത ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ തുടങ്ങിയിട്ടില്ല എന്നതും വ്യക്തമായ ആസൂത്രണമില്ലാതെ ധനവിനിയോഗം നടത്തുന്നതിന് ഉദാഹരണമാണ്.

## 1-16 അഴീക്കോട് സി എച്ച് സി ഡയാലിസിസ് യൂണിറ്റ് വൈദ്യുതീകരണം ടെണ്ടർ കുറവ് കണക്കാക്കാതെ കരാറുകാരന് അധികം നൽകിയ 8255 രൂപ നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ പേര് | 107/21 അഴീക്കോട് സി എച്ച് സി ഡയാലിസിസ് യൂണിറ്റ് വൈദ്യുതീകരണം |
| അടങ്കൽ 8,00,000 | 309925 തനത് ഫണ്ട്<br>490075മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് 513023 | ചെക്ക് നമ്പർ / തീയതി 5838657/13-01-2021 ₹24665<br>ബിൽ നമ്പർ/തീയതി 33/10-02-2021 ₹488358 |
| കരാറുകാരൻ | ശ്രീ ശിവറാം ഇ |

അഴീക്കോട് സി എച്ച് സി ഡയാലിസിസ് യൂണിറ്റ് വൈദ്യുതീകരണം പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ഓരോ ഇനത്തിനും കുറഞ്ഞ തുക ക്വാട്ട് ചെയ്ത (ഐറ്റം റേറ്റ്) കരാറുകാരനായ ശ്രീ ശിവറാം ഇ എന്നവർക്ക് തുക അനുവദിച്ചതിൽ ടെണ്ടർ കുറവ് കണക്കാക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചത് കാരണം താഴെ പറയും പ്രകാരം ₹8255 അധികം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | അളവ് | കരാറുകാരൻ ക്വാട്ട് ചെയ്തത് | അനുവദിച്ചത് | അധികം നൽകിയത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | Supply And Wiring Single Control Light Point ... | 54 | 948.70x54= 51229.80 | 966x54= 52164 | 934.20 |
| 2 | Single Control Light Point With Out Cellinng Rose | 4 | 930x4= 3720 | 4x947= 3788 | 68 |
| 3 | Single Control Light Point With Out Cellinng Fan Pointwith 6A3.... | 1 | 1593x1= 1593 | 1622x1= 1622 | 29 |
| 4 | Single Control Light Point With Out Cellinng Fan Pointwith 6A5.... | 6 | 474x6= 2844 | 483x6= 2898 | 54 |
| 5 | -Do - Independent Plug | 34 | 632.50x34= 21505 | 644x34= 21896 | 391 |
| 6 | Supply Conveyance Installation Testing.... | 35 | 2630x35= 92050 | 2678x35= 93730 | 1680 |
| 7 | Supply Conveyance Installation Testing.... | 1 | 1820x1= 1820 | 1853x1 1853 | 33 |
| 8 | 300/305 Sing;e Phase Light Duty Exhaust Fan | 1 | 1795x1= 1795 | 1828x1= 1828 | 33 |
| 9 | Change For Cutting Holes..... | 1 | 289x1= 289 | 294x1= 294 | 5 |
| 10 | SC/CT Street Light Fitting With 40 W LED... | 2 | 9723x2 19446 | 9900x2= 19800 | 354 |
| 11 | Ding Dong Bell | 3 | 178x3= 534 | 181x3= 543 | 9 |
| 12 | Supply And Fixing The 3 Module Metal Box In.... | 5 | 177x5= 885 | 180x5= 900 | 15 |
| 13 | Supply And Fixing The 3 Module Whiteof Front.... | 5 | 114x5 570 | 116x5= 580 | 10 |
| 16 | Supply And Fixing 6 Module Metal Box In Recess | 33 | 194x33 6402 | 198x33= 6534 | 132 |
| 17 | Supply And Fixing 6 Module White | 33 | 149x33= 4917 | 152x33= 5016 | 99 |
| 18 | 2 Module Metal Box In Recess | 10 | 162x10 1620 | 165x10 1650 | 30 |
| 19 | 2 Module White/off White | 10 | 99.20x10= 992 | 101x10 1010 | 18 |
| 20 | Supply And Fixing 6A SP 1 Way Swictch Modular | 3 | 117x3= 351 | 119x3= 357 | 6 |
| 21 | - Do – 16 A SP 1 Way Swictch With Indicator | 37 | 158x37= 5846 | 161x37= 5957 | 111 |
| 22 | - Do – 16 A Shuttered Socket | 37 | 219x37= 8103 | 223x37= 8251 | 148 |

| | | | | | |
|---|---|---|---|---|---|
| 23 | - Do - 20/25A Combined Socket | 5 | 219x5= 1095 | 223x5= 1115 | 20 |
| 24 | 20 A DP Switch With Ind | 5 | 298.6x5= 1493 | 304x5= 1520 | 27 |
| 25 | 20 A DP Switch With Ind 6A2/3 Socket | 3 | 154x3= 462 | 157x3= 471 | 9 |
| 27 | Supply And Fixing The 25mm Dia Light Guage .... | 113 | 93.30x113= 10542.90 | 95x113= 10735 | 192.10 |
| 28 | Supply And Fixing The 20 Mm Dia Light Guage Sizes Of .... | 241 | 118x241= 28438 | 120x241= 28920 | 482 |
| 30 | 2x1.5sqmm+1.5sqmm | 26.8 | 132.6x26.8 3553.68 | 135x26.8= 3618 | 64.32 |
| 32 | 4x2.5sqmm+2.5sqmm | 211.2 | 270.1x211.2= 57045.12 | 275x211.2= 58080 | 1034.88 |
| 33 | 2x14sqmm+2.5sqmm | 112 | 187.6x112= 21011.20 | 191x112= 21392 | 380.80 |
| 35 | 2.65copper Conductor | 131 | 42.2x131= 5528.2 | 43x131= 5633 | 104.8 |
| 37 | 2.65mm(12 SWG) | 6 | 18.7x6= 112.20 | 19x6=114 | 1.80 |
| 38 | Supply And Providing The 12.3mm Brass Bolt And Nut Of Bolt... | 40 | 11.10x40=444 | 11.30x40= 452 | 8 |
| 39 | Supply And Clamping Of 1 No.pvc Insulated And.... | 40 | 235.70x40= 9428 | 240x40= 9600 | 172 |
| 42 C | Supplying Siemens/topodur Type Nickel Plated Single... | 4 | 162x4=648 | 165x4=660 | 12 |
| 44 | 4 Way (8+12) Double Cover TPN Vertical DB With... | 2 | 9945x2 19890 | 10126x2= 20252 | 362 |
| 45 | 6way (8+12)three Phase Double Cover(IP42/43) | 2 | 3967x2= 7934 | 4039x2= 8078 | 144 |
| 46 | 4 Way Single Phase Double Cover | 1 | 835x1=835 | 850x1=850 | 15 |
| 48 | 40AMP 4 Pole Mini Break Isolater | 4 | 703x4=2812 | 716x4=2864 | 52 |
| 49 | 63 A 4 Pole Mini Break Isolater | 1 | 739x1=739 | 752x1=752 | 13 |
| 50 | 40 A 4 Pole 30 MA RCCB | 3 | 2730x3=8190 | 2780x3=8340 | 150 |
| 51 | 6A To 32 A 10 Ka Sp MCB | 33 | 215x33=7095 | 219x33=7227 | 132 |
| 52 | 40A 10 KV TP MCB (C Cover) | 4 | 1344.50x4= 5378 | 1369x4=5476 | 98 |
| 54 | Supply And Providing Plate Earthing As Per IS 3043 With... | 2 | 4368x2= 8736 | 4448x2= 8896 | 160 |
| 55 | Supply And Providing The | 2 | 262x2=524 | 267x2=534 | 10 |

| | | | | | |
|---|---|---|---|---|---|
| | Following Size Of Cast Iron... | | | | |
| 56 | Supply And Providing Test Joint For The Earthing System.. | 0.4 | 162x0.4=64.8 | 165x0.4=66 | 1.20 |
| 57 | Supply And Providing Earth Lead Form The Test Joint Of ... | 8 | 72x8=576 | 73x8=584 | 8 |
| 58 | Supply And Laying The Following Sizes Of Bare Copper Laid 0.60 M... | 20 | 75.60X20= 1512 | 77X20=1540 | 28 |
| 59 | 125 A 415 V 2 Way Neutral Link Mounted On DMC/SMC Base | 1 | 270x1=270 | 275x1=275 | 5 |
| 60 | Supply And Fixing The Following Accessories In The .. | 3 | 835x3=2505 | 850x3=2550 | 45 |
| 63 | Supply And Installation Of Switch Gear Units In Sheet ... | 1 | 6369x1=6369 | 6485x1=6485 | 116 |
| 65 | 16 Sq.mm | 16 | 13.50x16=216 | 13.7x16=219.20 | 3.20 |
| 66 | 25 Sq.mm | 8 | 14x8=112 | 14x8=112 | 0 |
| 68 | 400mm Wall Fan | 6 | 2161x6=12966 | 2200x6= 13200 | 234 |
| 69 | Supply And Fixing Angle / Straight Brass Lined ... | 4 | 62x4=248 | 63x4=252 | 4 |
| 71 | Supply And Providing The Following Types And Power.. | 4 | 162x4=648 | 165x4=660 | 12 |
| | Total | | | | 8255 |

ക്വാട്ട് ചെയ്തതിനേക്കാൾ കൂടുതൽ 8255 രൂപ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/19-04-2022 ) മറുപടി ലഭിച്ചിട്ടില്ല. 8255 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക കരാറുകാരനിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-17 ചിറക്കൽ ഗ്രാമപഞ്ചായത്തിലെ പുതിയതെരു മാർക്കറ്റ് പ്രദേശത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ പേര് | 132/21 ചിറക്കൽ ഗ്രാമപഞ്ചായത്തിലെ പുതിയതെരു മാർക്കറ്റ് പ്രദേശത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| അടങ്കൽ 1,60,000 | 1,60,000 ധനകാര്യ കമ്മിഷൻ അവാർഡ് |
| ചെലവ് | 1,60,000 |
| ബിൽ നമ്പർ/തീയതി | 33/10-02-2021 |

ചിറക്കൽ ഗ്രാമപഞ്ചായത്തിലെ പുതിയതെരു മാർക്കറ്റ് പ്രദേശത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ₹1,60,000 കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവർത്തി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- കേരള പഞ്ചായത്ത് രാജ് ആക്ട് മൂന്നാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ VIII ജലവിതരണ പദ്ധതി പദ്ധതികളുടെ നടത്തിപ്പ്, ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. എന്നാൽ മേൽ പ്രൊജക്ട് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കാൻ തീരുമാനിച്ച് ,ഡി.പി.സി അംഗീകാരം

ലഭിച്ച ശേഷം , ഗ്രാമപഞ്ചായത്തിന്റെ അനുമതി ആവശ്യപ്പെട്ടതിനെ തുടർന്നാണ് ചിറക്കൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതി പദ്ധതിക്ക് അനുമതി നൽകിയത്.

2- പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

3- പദ്ധതിയുടെ ഗുണഭോക്താക്കൾ ആരാണെന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല.

എല്ലാ കുടിവെള്ള പദ്ധതികൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സാമഹരിക്കുന്നതിനുള്ള വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. (സ.ഉ.(കൈ) നം 11/2018/ത.സ്വ.ഭ.വ തീയതി 29-01-2018)

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/ 19-04-2022) മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതും അപാകങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-18 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ തീയതി | തുക അനുവദിച്ച സ്ഥാപനം |
|---|---|---|---|---|---|
| 1 | 127/21 കൊട്ടാരക്കര കില സി എച്ച് ആർ ഡി യിൽ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 3,00,000 വികസനഫണ്ട് ജനറൽ | 3,00,000 | 20/25-08-2020 | ഡയറക്ടർ കില തൃശ്ശൂർ |
| 2 | 4/21പാലിയേറ്റീവ് കേയർ പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 6,00,000 വികസനഫണ്ട് ജനറൽ | ₹84070<br>₹30,800 | 230/30-03-2021<br>257/30-03-2021<br>(എ.സി.ആർ പ്രകാരം) | സെക്രട്ടറി വളപട്ടണം ഗ്രാമ പഞ്ചായത്ത് ₹84070<br>സെക്രട്ടറി ചിറക്കൽ ഗ്രാമ പഞ്ചായത്ത് ₹30,800 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

## 1-19 സമഗ്ര കുടിവെള്ള പദ്ധതിക്ക് ഡീറ്റേയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കൽ അപാകങ്ങൾ 50144 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ പേര് | 107/21 സമഗ്ര കുടിവെള്ള പദ്ധതിക്ക് ഡീറ്റേയിൽഡ് എഞ്ചിനിയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് ഡപ്പോസിറ്റ് |
| അടങ്കൽ | 7,50,000 ധനകാര്യ കമ്മിഷൻ അവാർഡ് |
| ചെലവ് ബിൽ നമ്പർ/ | ₹7,50,000 27/29-01-2021 |

| | |
|---|---|
| തീയതി | |

സമഗ്ര കുടിവെള്ള പദ്ധതിക്ക് ഡീറ്റേയിൽഡ് എഞ്ചിനിയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ ₹7,50,000 ഡപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ജലജീവൻ മിഷന്റെ ഭാഗമായുള്ള സർവ്വേ ഇൻവെസ്റ്റിഗേഷൻ ആയതിനാൽ സെന്റേജ് ചാർജ് ഒഴിവാക്കിതരണമെന്നുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 27-10-2020 ലെ കത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ സെന്റേജ് ചാർജ് ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത എസ്റ്റിമേറ്റ് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| പ്രവ്യത്തി മൂല്യം | 666226.96 |
| ജി എസ് ടി 12% | 79947.23 |
| Lumpsum | 3825.81 |
| ആകെ | 7,50,000 |

തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി , എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രോജക്റ്റ് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി കണ്ണൂരുമായി 30-10-2020 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. കരാറിൽ അഞ്ചാമത്തെ വ്യവസ്ഥയായി എസ്റ്റിമേറ്റ് നിരക്കിൽ വർദ്ധനവ് വരുത്താൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ 24-12-2021 തീയതിയിലെ എ4/603/2016/Work(2) വിനിയോഗസാക്ഷ്യപത്ര പ്രകാരം വർക്കിംഗ് ചാർജ് ആയി 501443 രൂപയും അതിന്റെ 10% സെന്റേജ് ചാർജായി കണക്കാക്കി 50144 രൂപയും ഈടാക്കിയിട്ടുണ്ട് . എഗ്രിമെന്റ് വ്യവസ്ഥ പാലിക്കാതെ എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്ന സെന്റേജ് ചാർജ് അനുവദിച്ചതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/19-04-2022ന് ) അപാകത സംബന്ധിച്ച് മറുപടി നൽകുവാൻ കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥ പാലിക്കാതെ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ 50144 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്.

## 1-20 അഴീക്കോട് ഗ്രാമപഞ്ചായത്ത് പഴയ അംബികാ കമ്പിനി മുതൽ സുബ്രഹ്മണ്യം കോവിൽവരെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്റ്റ് നമ്പർ പേര് | 83/21 അഴീക്കോട് ഗ്രാമപഞ്ചായത്ത് പഴയ അംബികാ കമ്പിനി മുതൽ സുബ്രഹ്മണ്യം കോവിൽവരെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| അടങ്കൽ | 1,90,000 വികസനഫണ്ട് ജനറൽ |
| ചെലവ് | 1,90,000 |
| ബിൽനമ്പർ/തീയതി | 3/16-04-2020 |

അഴീക്കോട് ഗ്രാമപഞ്ചായത്ത് പഴയ അംബികാ കമ്പിനി മുതൽ സുബ്രഹ്മണ്യം കോവിൽവരെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ₹1,90,000 കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- കേരള പഞ്ചായത്ത് രാജ് ആക്ട് മൂന്നാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ VIII ജലവിതരണ പദ്ധതി പദ്ധതികളുടെ നടത്തിപ്പ്, ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. എന്നാൽ മേൽ പ്രൊജക്റ്റ് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കാൻ തീരുമാനിച്ച്, ഡി.പി.സി അംഗീകാരം ലഭിച്ച ശേഷം ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്തിന്റെ അനുമതി ആവശ്യപ്പെട്ടതിനെ തുടർന്നാണ് അഴീക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി പദ്ധതിക്ക് അനുമതി നൽകിയത്.

2- പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

3- പദ്ധതിയുടെ ഗുണഭോക്താക്കൾ ആരാണെന്ന് പ്രോജക്റ്റിൽ വ്യക്തമാക്കിയിട്ടില്ല.

4- എല്ലാ കുടിവെള്ള പദ്ധതികൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കുന്നതിനുള്ള വ്യവസ്ഥ പ്രോജക്റ്റിൽ

ഉൾപ്പെടുത്തിയിട്ടില്ല. (സ.ഉ.(കൈ) നം 11/2018/ത.സ്വ.ഭ.വ തീയതി 29-01-2018)

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/ 19-04-2022) മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതും അപാകങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-21 അഴീക്കോട് ഗ്രാമപഞ്ചായത്ത് പാലക്കൽ വീട് മുതൽ പുന്നക്കൽ കരീം വീട് വരെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്റ്റ് നമ്പർ പേര് | 83/21 അഴീക്കോട് ഗ്രാമപഞ്ചായത്ത് പാലക്കൽ വീട് മുതൽ പുന്നക്കൽ കരീം വീട് വരെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| അടങ്കൽ | 1,10,000 വികസനഫണ്ട് ജനറൽ |
| ചെലവ് | 1,10,000 |
| ബിൽ നമ്പർ/തീയതി | 4/16-04-2020 |

അഴീക്കോട് ഗ്രാമപഞ്ചായത്ത് പാലക്കൽ വീട് മുതൽ പുന്നക്കൽ കരീം വീട് വരെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ₹1,10,000 കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവർത്തി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- കേരള പഞ്ചായത്ത് രാജ് ആക്ട് മൂന്നാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ VIII ജലവിതരണ പദ്ധതി പദ്ധതികളുടെ നടത്തിപ്പ്, ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. എന്നാൽ മേൽ പ്രൊജക്റ്റ് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കാൻ തീരുമാനിച്ച് , ഡി.പി.സി അംഗീകാരം ലഭിച്ച ശേഷം ഗ്രാമപഞ്ചായത്തിന്റെ അനുമതി ആവശ്യപ്പെട്ടതിനെ തുടർന്നാണ് അഴീക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി പദ്ധതിക്ക് അനുമതി നൽകിയത്. മേൽത്തട്ട് നിർദ്ദേശമായി ഗ്രാമപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിലേക്ക് ശുപാർശ ചെയ്യാതെ പദ്ധതി നടപ്പാക്കാൻ തീരുമാനമെടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2- പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

3- പദ്ധതിയുടെ ഗുണഭോക്താക്കൾ ആരാണെന്ന് പ്രോജക്റ്റിൽ വ്യക്തമാക്കിയിട്ടില്ല.

4- എല്ലാ കുടിവെള്ള പദ്ധതികൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കുന്നതിനുള്ള വ്യവസ്ഥ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. (സ.ഉ.(കൈ) നം 11/2018/ത.സ്വ.ഭ.വ തീയതി 29-01-2018)

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/ 19-04-2022) മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതും അപാകങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-22 വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് ലാപ്പ്ടോപ്പ് - കെൽട്രോണിന് അധിക തുക നൽകിയത് സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| പ്രോജക്റ്റ് നമ്പർ പേര് | 130/21 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ | 2,45,000 തനത് ഫണ്ട് |
| ചെലവ് | 1,98,828 |
| ചെക്ക് നമ്പർ/തീയതി | 5833684/23-03-2021 |

പ്രോജക്റ്റ് പ്രകാരം 7 ലാപ്പ്ടോപ്പ് വാങ്ങുന്നതിന് കെൽട്രോൺ ഐ ടി ബിസിനസ് ഗ്രൂപ്പിന്റെ പ്രഫോമ ഇൻവോയിസ് (24488/15-03-2021) പ്രകാരം 1,98,828 രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷന് അനുവദിച്ചിട്ടുണ്ട്. ഏസർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഹാജരാക്കിയ ടാക്സ് ഇൻവോയിസ് പ്രകാരം (PYS121008681/06-102021) ലാപ്പ് ടോപ്പിന്റെ വില 189765 രൂപയാണ്. അധികം നൽകിയ 9063 രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷനിൽ നിന്ന് തിരികെ ലഭിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ വികസന കമ്മീഷണറുടെ 07-10-2020 ലെ ഡി പി 1/8508/സി ആർ ഡി കത്ത് പ്രകാരം ഓരോ സർക്കിളുകളിലേക്കുമുള്ള ലാപ്പ്ടോപ്പുകൾ അസൈൻ ചെയ്യേണ്ടതാണെന്നും ആയത് പ്രകാരം വി ഇ ഒ മാർക്ക് വിതരണം ചെയ്യുന്നതിന് പ്രത്യേക വിതരണ രജിസ്റ്റർ ബ്ലോക്കിൽ സൂക്ഷിക്കേണ്ടതും ലാപ്പ്ടോപ്പുകൾ നൽകുമ്പോഴും തിരികെ ഏൽപിക്കുമ്പോഴും രജിസ്റ്ററിൽ തീയതി വെച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പ് വെക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർ സ്ഥലം മാറിപോകുമ്പോൾ ലാപ്പ്ടോപ്പ് കൈമാറുന്നതിനുള്ള അനുമതിയും നിരീക്ഷണവും മേൽനോട്ടവും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. എന്നാൽ ഉദ്യോഗസ്ഥർ സ്ഥലം മാറി പോകുന്ന അവസരങ്ങളിൽ ലാപ്പ്ടോപ്പ് കൈമാറുന്നതിനുള്ള അനുമതി സെക്രട്ടറി നൽകിയതായി കാണുന്നില്ല. സ്ഥലം മാറി പോകുന്ന അവസരങ്ങളിൽ ലാപ്പ്ടോപ്പ് തിരികെ സ്വീകരിച്ച് പുതുതായി ചാർജ് എടുത്ത ആൾക്ക് കൈമാറുന്നത് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/19-04-2022) അധികം നൽകിയ 9063 രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 9063 രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതും, രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-23 ലൈഫ് ഭവനപദ്ധതി രേഖകൾ ഹാജരാക്കിയിട്ടില്ല. 1000000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 1/21ലൈഫ് ഭവനനിർമ്മാണ പദ്ധതി ബ്ലോക്ക് വിഹിതം പി എം എ വൈ പദ്ധതിയുടെ അധിക വിഹിതം ഉൾപ്പടെ (ജനറൽ ) |
| അടങ്കൽ - | ₹5479200വികസനഫണ്ട് ജനറൽ |
| ചെലവ് | ₹34,81,305 |

പ്രോജക്ട് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് 24,81,305 രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ്, ഗുണഭോക്തൃ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. ഭൂമി വാങ്ങിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

| ക്രമ നമ്പർ | ബിൽ നമ്പർ തീയതി | തുക | തുക അനുവദിച്ചത് (സ്ഥലം വിറ്റയാളുടെ പേര് | ഗുണഭോക്താവിന്റെ പേര് |
|---|---|---|---|---|
| 1 | 08/12-06-2020 | 600000 | സജിത കെ 200000 | റംല |
| | | | ബാബു ടി 200000 | ലിനറ്റ്സ് മെന്റസ് |
| | | | കുഞ്ഞഹമ്മദ് ടി 200000 | മഹിത കെ |
| 2 | 10/29-06-2020 | 600000 | വാസുദേവൻ നമ്പൂതിരി (200000x3) | സെറീന കെ |
| | | | | ഫാത്തിമ പി വി |
| | | | | ഫാത്തിബി കെ |
| 3 | 25/23-10-2020 | 400000 | മാമു 200000 | ബേബി |
| | | | വാസുദേവൻ നമ്പൂതിരി 200000 | ബേബി സി പി |
| 4 | (എ.സി.ആർ. പ്രകാരം) | 150/24-01-2021 | ഖദീജ പി പി 200000 | ഷീബ ബി |
| | | 152/24-01-2021 | ലീല സി 200000 | കമലാക്ഷി കെ |
| | | 150/24-01-2021 481305 | ഖദീജ പി പി 150000 | കെ വി നവാസ് |
| | | | ഖദീജ പി പി 131305 | സൗദ എം |
| | | | അബ്ദുൾ ഖാദർ കെ 200000 | ജയസുധ കെ കെ |

പ്രോജക്ട് പ്രകാരം 34,81,305 രൂപയുടെ ചെലവ് ഉണ്ടായിട്ടുണ്ടെങ്കിലും 24,81,305 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. 34,81,305 - 24,81,305=10,00,000 രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (24/26-04-2022) മറുപടി നൽകിയിട്ടില്ല. പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ്, ഗുണഭോക്തൃ രജിസ്റ്റർ എന്നിവ ഹാജരാക്കേണ്ടതും, ഭൂമി വാങ്ങിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതുമാണ്. 10,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിലെ അപാകങ്ങൾ 10,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു 18,30,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ, പേര് | 26/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് |
| അടങ്കൽ | 35,55,000 വികസനഫണ്ട് (എസ് സി പി) |
| ആകെ ചെലവ് 35,55,000<br>ബിൽ നമ്പർ തീയതി | 08/28-09-2020 ₹18,20,000<br>11/ 16-02-2021 ₹100000<br>15/23-02-2021 ₹10,00,000<br>16/25-02-2021 ₹615000<br>17/27-02-2021 ₹20000 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1- സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 7-2 കുറിപ്പ് പ്രകാരം ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ആനുകൂല്യത്തിന് അർഹയില്ലെന്നും, ഗ്രാമ സഭ അംഗീകരിച്ചതും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതുമായ ലിസ്റ്റ് പ്രകാരമുള്ളവർക്ക് മാത്രമേ ആനുകൂല്യം നൽകാവൂയെന്നും ബ്ലോക്ക് പഞ്ചായത്തുകളാണ് ആനുകൂല്യം നൽകുന്നവെങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചിട്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം ലഭിച്ചിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചിട്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം ഗ്രാമപഞ്ചായത്തിൽ നിന്ന് സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ലെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

2- അർഹതയുള്ളതിലും അധികം സ്കോളർഷിപ്പ് അനുവദിച്ചത് സംബന്ധിച്ച്.

സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 7-2-5 പ്രകാരം ബിരുദ കോഴ്സിന് അർഹതയുള്ള സ്കോളർഷിപ്പ് തുക 20000 രൂപയാണ്. എന്നാൽ കണ്ണൂർ യൂനിവേഴ്സിറ്റി ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസിൽ മൂന്നാം വർഷ BPED വിദ്യാർത്ഥിനി ആയ അനാമിക കെ എന്നവർക്ക് 30,000 രൂപ അനുവദിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ചതിലും അധികം അനുവദിച്ച 10,000 രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

3- അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | സിദ്ധിൻ കെ | 08/28-09-2020 | 25000 |
| 2 | ദർശന കെ | 08/28-09-2020 | 20000 |
| 3 | അഖിൽ ഇ | 08/28-09-2020 | 20000 |

| | | | |
|---|---|---|---|
| 4 | സങ്കീർത്തന | 08/28-09-2020 | 15000 |
| 5 | അശ്വിൻ കെ | 08/28-09-2020 | 20000 |
| 6 | ഭരത് കൃഷ്ണ | 08/28-09-2020 | 25000 |
| 7 | പ്രിയത സി | 08/28-09-2020 | 15000 |
| 8 | അപന്യ സി | 08/28-09-2020 | 30000 |
| 9 | ആകർഷ് സി വി | 08/28-09-2020 | 15000 |
| 10 | അനശ്രീ എ | 08/28-09-2020 | 15000 |
| 11 | അർച്ചന എ | 08/28-09-2020 | 15000 |
| 12 | അശ്വതി | 08/28-09-2020 | 15000 |
| 13 | അക്ഷയ് കെ | 08/28-09-2020 | 20000 |
| 14 | ജ്യോതിക | 08/28-09-2020 | 20000 |
| 15 | നന്ദന സുബ്രമണ്യൻ | 08/28-09-2020 | 30000 |
| 16 | പ്രനീഷ് വേണു | 08/28-09-2020 | 20000 |
| 17 | മണികണ്ഠൻ കെ | 08/28-09-2020 | 25000 |
| 18 | അശ്വതി ഒ കെ | 08/28-09-2020 | 15000 |
| 19 | ഐശ്വര്യ കെ | 08/28-09-2020 | 20000 |
| 20 | അമൽജിത്ത് ഗിരീഷൻ | 08/28-09-2020 | 25000 |
| 21 | സൂര്യ രവീന്ദ്രൻ | 08/28-09-2020 | 20000 |
| 22 | രാഹുൽ സുബ്രമണ്യൻ | 11/ 16-02-2021 | 30000 |
| 23 | പ്രത്യുഷ് ഇ | 11/ 16-02-2021 | 15000 |
| 24 | അഞ്ജന വി | 11/ 16-02-2021 | 15000 |
| | | | 4,85,000 രൂപ |

ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 4,85,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

5 – സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസം തുടരുന്നതായുള്ള സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ് എന്നിവയില്ലാതെ ആനുകൂല്യം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | കാവ്യ എ | 08/28-09-2020 | 20000 |
| 2 | ഹരിത കെ | 08/28-09-2020 | 30000 |
| 3 | സങ്കീർത്തന എം | 08/28-09-2020 | 25000 |
| 4 | സ്നേഹ ഇ | 08/28-09-2020 | 20000 |
| 5 | സരുൺരാജ് കെ | 08/28-09-2020 | 30000 |
| 6 | പ്രതീഷ് വേണു സി എച്ച് | 08/28-09-2020 | 25000 |
| 7 | നിധിഷ കെ | 08/28-09-2020 | 30000 |
| 8 | അഭിനന്ദ് കെ | 08/28-09-2020 | 20000 |
| 9 | അനുരാഗ് കെ | 08/28-09-2020 | 20000 |
| 10 | ദിൽഷ എം വി | 08/28-09-2020 | 20000 |
| 11 | അശ്വതി വി | 08/28-09-2020 | 15000 |
| 12 | അനഘ കെ | 11/ 16-02-2021 | 20000 |
| 13 | അമൽ പി | 11/ 16-02-2021 | 20000 |
| 14 | അരുണ ഗോപി | 15/23-02-2021 | 20000 |
| 15 | വിസ്മയ കെ | 15/23-02-2021 | 20000 |
| 16 | അമൽ ഇ | 15/23-02-2021 | 30000 |

| | | | |
|---|---|---|---|
| 17 | അനഘ പി | 15/23-02-2021 | 30000 |
| 18 | അകന്യ സന്തോഷ് ഇ | 15/23-02-2021 | 20000 |
| 19 | അഷിത കെ | 15/23-02-2021 | 20000 |
| 20 | അനശ്രീ എ വി | 15/23-02-2021 | 20000 |
| 21 | ശ്രീഹരി എ വി | 15/23-02-2021 | 20000 |
| 22 | വിസ്മയ കെ | 15/23-02-2021 | 20000 |
| 23 | മൃദുൽ എൻ | 15/23-02-2021 | 20000 |
| 24 | ശ്രാവണ കെ | 15/23-02-2021 | 20000 |
| 25 | ആകാശ് ദാസ് | 15/23-02-2021 | 20000 |
| 26 | അഭിനവ് എ | 15/23-02-2021 | 20000 |
| 27 | പ്രണവ് കെ | 15/23-02-2021 | 20000 |
| 28 | അഭയ് ഇ | 15/23-02-2021 | 20000 |
| 29 | വിഷ്ണു പ്രകാശ് ടി | 15/23-02-2021 | 15000 |
| 30 | രവീണ ആർ | 15/23-02-2021 | 20000 |
| 31 | നന്ദന രാജൻ | 15/23-02-2021 | 20000 |
| 32 | അനശ്രീ പി പി | 15/23-02-2021 | 20000 |
| 33 | പ്രജ്വൽ ഇ | 15/23-02-2021 | 15000 |
| 34 | അമേഘ ടി | 15/23-02-2021 | 15000 |
| 35 | ജിനിൽ കെ വി | 15/23-02-2021 | 20000 |
| 36 | ആദിത്യ എം | 15/23-02-2021 | 20000 |
| 37 | സ്നേഹ ബാബു | 15/23-02-2021 | 15000 |
| 38 | ശില്പ ടി | 15/23-02-2021 | 30000 |
| 39 | അനുപമ മനോജ് കുമാർ | 15/23-02-2021 | 50000 |
| 40 | ഹർഷ എ | 15/23-02-2021 | 30000 |
| 41 | റഹിമ പി | 15/23-02-2021 | 30000 |
| 42 | അമിഷ മോണിഷ | 15/23-02-2021 | 20000 |
| 43 | ശൈത്യ പി കെ | 15/23-02-2021 | 15000 |
| 44 | സഞ്ചയ് കെ | 15/23-02-2021 | 20000 |
| 45 | സരണ്യ | 15/23-02-2021 | 15000 |
| 46 | അഞ്ജന കെ | 16/25-02-2021 | 20000 |
| 47 | അനാമിക കെ | 16/25-02-2021 | 30000 |
| 48 | അക്ഷയ സ്വാമി കെ | 16/25-02-2021 | 20000 |
| 49 | പ്രിൻഷ ഇ | 16/25-02-2021 | 15000 |
| 50 | ശ്യാം സദൻ എം | 16/25-02-2021 | 20000 |
| 51 | നന്ദന സജീവ് വി | 16/25-02-2021 | 20000 |
| 52 | ഗോപിക ടി | 16/25-02-2021 | 20000 |
| 53 | നന്ദന കെ | 16/25-02-2021 | 20000 |
| 54 | അഖില ടി | 16/25-02-2021 | 20000 |
| 55 | ശ്രാവൺ എം | 16/25-02-2021 | 20000 |
| 56 | രോഹിത് എ | 16/25-02-2021 | 20000 |
| 57 | ഹർഷ ഇ | 16/25-02-2021 | 20000 |
| 58 | ആര്യ രാജീവ് | 16/25-02-2021 | 20000 |
| 59 | അനുഗ്രഹ് സന്തോഷ് | 16/25-02-2021 | 20000 |
| 60 | സങ്കീർത്തന ആർ കെ | 16/25-02-2021 | 20000 |

| | | | |
|---|---|---|---|
| 61 | ഗോപിക ഒ | 16/25-02-2021 | 20000 |
| 62 | സ്മിതിൻ എ | 16/25-02-2021 | 15000 |
| 63 | ഭാഗ്യ ഇ വി | 17/27-02-2021 | 20000 |
| | ആകെ | | 13,45,000 |

രേഖകൾ ഹാജരാക്കാത്തതിനാൽ 13,45,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

6- സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 ഖണ്ഡിക 7-2-5 പ്രകാരം വിദ്യാർത്ഥികളുടെയും, കോഴ്സിന്റെയും വർഷം, വിവരങ്ങൾ ഇവ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. രജിസ്റ്റർ തയ്യാറാക്കി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 31/28-04-2022 ന്യൂനതകൾ പരിഹിരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

## 1-25 ബ്ലോക്ക് ഫാമിലെ നിർമ്മാണ പ്രവർത്തനങ്ങൾ -ഡാറ്റാബാങ്കിൽ ഉൾപ്പെടുന്ന സ്ഥലത്ത് അനുമതിയില്ലാതെ മണ്ണിടൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയതും മറ്റ് അപാകങ്ങളും

| പ്രോജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 52/19,91/20 (സ്പിൽ ഓവർ),104/21 (സ്പിൽ ഓവർ) | ₹3000000 (2000000 വികസന ഫണ്ട്, 1000000 (ജില്ലാ പഞ്ചായത്ത് വിഹിതം) | ₹586854 2018-19 ₹667927 (ബിൽ നം 5/20-21 06.02.21) ₹235519 (ചെക്ക്നമ്പർ 9477236/28.04.2020) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 130/20,102 /21(സ്പിൽ ഓവർ) | ₹558634 (വികസന ഫണ്ട്) | ₹558634 (ബിൽ നമ്പർ 28/20-21 06.02.21) | അസിസ്റ്റന്റ് എഞ്ചിനീയർ |

എം ബുക്ക് നമ്പർ 36/18-19

കരാറുകാരൻ ശ്രീ സ്വരൂപ് കൊക്കേൻ - ₹25,35,518.96

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് ഫാമിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1.ഡാറ്റാബാങ്കിൽ ഉൾപ്പെടുന്ന (വൈറ്റ് ലാൻഡ്- നിലം) പ്രസ്തുത സ്ഥലത്ത് 974.6 ഘ മീറ്റർ ( ഇനം നമ്പർ 9 - 0.5 മീറ്റർ മുതൽ 0.8 മീറ്റർ വരെ ഉയർത്താൻ-എം ബുക്ക് പേജ് 12,13,19) മണ്ണിട്ട് നികത്തുന്നതിനു മുമ്പ് റവന്യൂ അധികാരികളുടെ പ്രത്യേകാനുമതി വാങ്ങിയിട്ടില്ല. 0.5 മീ മുതൽ 0.8 മീറ്റർ വരെ ഉയർത്തിയിട്ടുണ്ട് എന്നതിനാൽ കാർഷികാവശ്യത്തിനായി സ്ഥലം ലവൽ ചെയ്യുന്നതിന്റെ ഭാഗമായി ഫില്ലിംഗ് നടത്തിയതിനാലാണ് അനുമതി വാങ്ങാതിരുന്നത് എന്ന മറുപടി തൃപ്തികരമല്ല.

2.മണ്ണ് നിറക്കുന്നതുമായി ബന്ധപ്പെട്ട് ലെവൽ കാൽക്കുലേഷൻ എടുത്തിട്ടില്ല. നേരിട്ട് അളവുകൾ രേഖപ്പെടുത്താൻ സാധിക്കുന്ന രീതിയിൽ ആയതിനാലാണ് ലെവൽ കാൽക്കുലേഷൻ എടുക്കാതിരുന്നതെന്നും എം ബുക്കിൽ നേരിട്ട് രേഖപ്പെടുത്തുകയാണ് ചെയ്തത് എന്നുമാണ് മറുപടി നല്കിയത്. എന്നാൽ ടേപ്പ് മെഷർമെന്റിനുള്ള 10% അളവ് കുറവു ചെയ്യാതെയാണ് മൂല്യനിർണ്ണയം നടത്തി കരാറുകാരന് തുക നല്കിയിട്ടുള്ളത്(പേജ് 12,13). ആയത് തിരിച്ചു പിടിക്കേണ്ടതാണ്.(974.6ഘ.മീ *10%=97.46, 97.46ഘ മീ @260/ഘ.മീ= 25339.6രൂപ)
പമ്പ് ഹൗസ് നിർമ്മാണം നടത്തുന്ന വിവരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

3.ഇനം 3 ആയി വെള്ളം മാറ്റുന്നതിന് 400മണിക്കൂർ മോട്ടോർ പ്രവർത്തിപ്പിച്ചതിന് മണിക്കൂറിന് 256 രൂപ നിരക്കിൽ 102400രൂപ കരാറുകാരന് നല്കിയിട്ടുണ്ട്(പേജ് 33). ലോഗ് ഷീറ്റ് പരിശോധനക്കായി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഹാജരാക്കിയിട്ടില്ല.

4.ഒരേ പ്രവൃത്തിയുടെ ഭാഗമായുള്ള ചെലവ് അസിസ്റ്റന്റ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും നടത്തിയതിന് വിശദീകരണമായി , സ്പിൽ ഓവർ പ്രവൃത്തി ആയി വന്നപ്പോൾ ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടില്ലാത്തതിനാൽ പുതിയ പദ്ധതി വച്ച് ബാക്കി തുക നല്കേണ്ടി വന്നു എന്നും 15 ലക്ഷത്തിൽ താഴെ തുക നല്കേണ്ടി വരുന്നതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയാൽ മതി എന്നതിനാലാണ് രണ്ടു നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന പദ്ധതി നടപ്പിലാക്കിയത് എന്നുമാണ് അറിയിച്ചത്. മറുപടിയിൽ പറഞ്ഞ കാര്യങ്ങൾ വസ്തുതകൾക്ക് വിരുദ്ധമാണ്. ഒരു പ്രവൃത്തിക്കു വേണ്ടി സ്പിൽ ഓവർ പദ്ധതി തയ്യാറാക്കുമ്പോൾ ഈരീതിയിൽ നിർവ്വഹണം നടത്തുന്നത് തെറ്റായ രീതിയാണ്. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതിലേക്കായി വിഷയം ഭരണസമിതിയുടേയും വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

5.അതിർത്തി നിർണ്ണയം ചെയ്തു തരികയോ സ്ഥലം കൈമാറിത്തരികയോ ചെയ്തിട്ടില്ല എന്ന് 21.01.19 ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. തടസരഹിതമായ സ്ഥലലഭ്യത ഉറപ്പു വരുത്താതെ പ്രോജക്ട് തയ്യാറാക്കിയതിന് വിശദീകരണമായി സ്ഥലത്തിന്റെ സ്കെച്ച് സഹിതം ലഭ്യമായതിനാലാണ് പ്രോജക്ട് വച്ചതെന്നും അതിർത്തിത്തർക്കം നിലനില്ക്കുന്നതിനാലാണ് സ്ഥലം കൈമാറാൻ താമസിച്ചതെന്നുമാണ് അറിയിച്ചത്.

6.സംയുക്ത പ്രോജക്ടായാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടില്ല. സംയുക്ത പദ്ധതി തയ്യാറാക്കുന്നതിനു മുമ്പ് ജില്ലാ പഞ്ചായത്ത് വിഹിതം ഉറപ്പു വരുത്തുന്നതിനായി പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത് തുക മറ്റ് ആവശ്യങ്ങൾക്കായി മാറ്റിയതിനാലാണ് ലഭ്യമാകാതിരുന്നത് എന്നാണ് അറിയാൻ കഴിഞ്ഞത് എന്ന മറുപടിയാണ് നല്കിയത്. ഭാവിയിൽ സംയുക്ത പദ്ധതികൾ തയ്യാറാക്കുമ്പോൾ ഘടക സ്ഥാപനങ്ങളുടെ വിഹിതം ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും അധികം നല്കിയ തുക തിരിച്ചു പിടിക്കേണ്ടതുമാണ്.

## 1-26 അഴീക്കോട് സിഎച്ച് സി യിലെ നിർമ്മാണ പ്രവർത്തനങ്ങൾ - ആസൂത്രണത്തിലെ പിഴവുകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 123/20,115/21 |
| അടങ്കൽ | 755000 (265000-വികസന ഫണ്ട്-ജനറൽ, 490000- സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| ചെലവ് ₹312239 | ബിൽ നമ്പർ 18/20-21 തീയതി 30.07.2020 ₹141337<br>ബിൽ നമ്പർ 36/20-21 തീയതി 29.03.21 ₹170902 |
| കരാറുകാരൻ | കെ ഇൻഫ്രാടെക് ലിമിറ്റഡ് |
| എം ബുക്ക് | 19/19-20,30/20-21,24/20-21 |

എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം 631891.63രൂപയുടെ പ്രവൃത്തികൾ ചെയ്യേണ്ടിയിരുന്ന സ്ഥാനത്ത് (ജി എസ് ടി ഒഴികെ) 278785 രൂപയുടെ പ്രവൃത്തികൾ മാത്രം ചെയ്ത് പ്രവൃത്തി പൂർത്തിയാക്കിയതായി കണക്കാക്കി ഫൈനൽ ബിൽ നല്കിയതിന്റെ കാരണം അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 19/24.04.2022 ന് മറുപടിയായി എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത മറ്റ് പ്രവൃത്തികൾ എൻ എച്ച് എം ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതിനാലാണ് പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കിയത് എന്ന് അറിയിച്ചിട്ടുണ്ട്.എൻ എച്ച് എം ഫണ്ടുപയോഗപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ അവരുടെ എഞ്ചിനീയറിംഗ് വിഭാഗമാണ് നടത്തുന്നതെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ആയതുമായി ബന്ധപ്പെട്ട രേഖാമൂലമുള്ള അറിയിപ്പ് ലഭിക്കുന്നില്ല എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

സി എച്ച് സി കളിൽ പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മറ്റികളിൽ നിന്നുള്ള നിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രവൃത്തികളാണെന്ന് ഉറപ്പു വരുത്താത്തതാണ് ഇത്തരം അപാകങ്ങൾ വരാൻ കാരണം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മറ്റികളിൽ, വിവിധ ഏജൻസികൾ മുഖേന നടപ്പാക്കാനിടയുള്ള പദ്ധതികളുടെ വിവരങ്ങൾ അജണ്ടയായി ഉൾപ്പെടുത്തേണ്ടതും ഓരോ വിഭാഗത്തിലും നടപ്പിലാക്കേണ്ടുന്ന പദ്ധതികൾ സംബന്ധിച്ച കൃത്യമായ വിശകലനം നടത്തിയ ശേഷം മാത്രം ബ്ലോക്ക് പഞ്ചായത്തിലേക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ നല്കേണ്ടതുമാണ്.

## 1-27 അഴീക്കോട് സി എച്ച് സി ഡയാലിസിസ് യൂനിറ്റിന് ആർ ഒ പ്ലാന്റ് റൂം നിർമ്മാണവും പ്ലംബിംഗും- ടെണ്ടർ ശതമാനം കുറവു ചെയ്യാതെ ബിൽ തുക നല്കിയതും മറ്റ് അപാകങ്ങളും

പ്രോജക്ട് നമ്പർ 111/20, 99/21, അഴീക്കോട് സി എച്ച് സി ഡയാലിസിസ് യൂനിറ്റിന് ആർ ഒ പ്ലാന്റ് റൂം നിർമ്മാണവും പ്ലംബിംഗും

അടങ്കൽ 426541(സംരക്ഷണ ഗ്രാന്റ് റോഡിതരം)

ചെലവ് 405749(ബിൽ നമ്പർ 22/20-21,16.09.2020

കരാറുകാരൻ ശ്രീ രഞ്ചിത്ത് കെ പി, 5.96% കുറഞ്ഞ നിരക്ക്)

സെലക്ഷൻ നോട്ടീസ്

ഡി1/111/20 തീയതി 01.11.19

M Book 10/19-20,31/19-20

1.ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 183/19-20 (4)ൽ ക്രമനമ്പർ 16 പ്രകാരമാണ് ശ്രീ രഞ്ചിത്ത് കെ പിയുടെ 5.96% കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. സെലക്ഷൻ നോട്ടീസിലും ഇതേ നിരക്ക തന്നെയാണ് രേഖപ്പെടുത്തിയത്. എന്നാൽ വർക്ക് ഫയലിൽ ടിയാൻ സാക്ഷ്യപ്പെടുത്തി സമർപ്പിച്ച ടെണ്ടർ ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.

2.ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക

ആകെ പ്രവൃത്തി മൂല്യം 362275.62

12% ജി എസ് ടി 43473.07

ആകെ 405748.69 എന്ന കണക്കാക്കി 405749 രൂപയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്.

പിൻവലിക്കേണ്ട തുക

ആകെ പ്രവൃത്തി മൂല്യം 362275.62

ടെണ്ടർ കുറവ് 5.96% 21591.62

340684രൂപ

ജി എസ് ടി പ്രൊവിഷൻ 40882.08

ആകെ 381566രൂ

അധികച്ചെലവ്

405749-381566 = 24183രൂപ

ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് അധികം നല്കിയ തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

3.നിലവിലുണ്ടായിരുന്ന കെട്ടിടം സംബന്ധിച്ച വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ആർ ഒ പ്ലാന്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങളും ലഭ്യമല്ല. പദ്ധതി പൂർത്തീകരണ പത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-28 റോഡ് റസ്റ്റോറേഷൻ ചാർജ്ജ് ഉപയോഗപ്പെടുത്താതെ വികസന ഫണ്ട് വകയിരുത്തി അറ്റകുറ്റപ്പണിക്കായുള്ള പദ്ധതികൾ തയ്യാറാക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 37/20,087/21(സ്പിൽ ഓവർ) |
| അടങ്കൽ | ₹895634(വികസന ഫണ്ട് ) |
| ചെലവ് | ₹889439(ബിൽ നമ്പർ 33/20-21 തീയതി 28.03.21) |
| കരാറുകാരൻ | ശ്രീ മഹേന്ദ്രൻ കെ -₹799673.52 |
| എംബുക്ക് നമ്പർ | 23/20-21,22/19-20 |
| സെലക്ഷൻ നോട്ടീസ് | ഡി1/37/20 തീയതി 01.11.19(കൈപ്പറ്റിയ തീയതി 14.11.19) |

| | |
|---|---|
| എഗ്രിമെന്റ് | നം 22/19-20,തീയതി 2.12.19 |

എസ്റ്റിമേറ്റ് റിപ്പോർട്ടിൽ റോഡിന്റെ 500മീറ്റർ മുതൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് മുറിച്ചതിനാലുള്ള യാത്രാ പ്രശ്നങ്ങൾ പരിഹരിക്കാൻ റോഡ് മുറിച്ച ഭാഗത്ത് പുതിയ ടാറിംഗ് ചെയ്യുന്നതു പോലെയുള്ള പ്രവൃത്തികളും ബാക്കി ഭാഗത്ത് റീടാറിംഗും ആണ് നിർദ്ദേശിച്ചിട്ടുള്ളത്.

2.പ്രോജക്ട് നമ്പർ 43/21,അഴീക്കോട് ഗ്രാമപഞ്ചായത്ത്- ഉജറപ്പള്ളി എം എൽ എ റോഡ് പുനരുദ്ധാരണം

അടങ്കൽ 900000(വികസന ഫണ്ട്)

ചെലവ്

794526(ബിൽ നമ്പർ 27/20-21 01.02.21)

Mbook 7/20-21

കരാറുകാരൻ ശ്രീ സജീവൻ പി(713776 രൂപ)

അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വാട്ടർ അതോറിറ്റി റോഡ് മുറിച്ചതു കാരണമുള്ള പുനരുദ്ധാരണ പ്രവൃത്തികളും ഉൾപ്പെടുത്തുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. (426.5മീറ്റർ നീളം 1മീറ്റർ വീതി).

റോഡ് മുറിച്ചതിന് CE/R&B/GL-RC/2/2019 30.03.19 സർക്കുലറിൽ നിർദ്ദേശിച്ച നിരക്കിൽ വാട്ടർ അതോറിറ്റി റസ്റ്റൊറേഷൻ ചാർജ്ജ് ഒടുക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഏത് പദ്ധതിയുടെ ഭാഗമായാണ് റോഡ് മുറിച്ചതെന്നും (പ്രോജക്ട് നമ്പർ , തദ്ദേശ സ്ഥാപനം , റോഡ് കട്ടിംഗ് ചാർജ്ജിനുള്ള പ്രൊവിഷൻ ) അറിയിക്കുന്നതിനുമായി നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നമ്പർ 12/19.04.22,26/26.04.22) മറുപടിയായി ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായാണ് വാട്ടർ അതോറിറ്റി റോഡ് കട്ടിംഗ് നടത്തിയതെന്നും ഗ്രാമപഞ്ചായത്ത് ഉണഭോക്താവായതിനാൽ റോഡ് കട്ടിംഗ് ചാർജ്ജ് ഒടുക്കിയിട്ടില്ലെന്നുമാണ് അറിയിച്ചത്. ജൽ ജീവൻ മിഷന്റെ എസ്റ്റിമേറ്റിൽ റോഡ് റിസ്റ്റൊറേഷൻ ചാർജ്ജ് ഉൾപ്പെടുത്തിയിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-29 പാപ്പിനിശ്ശേരി വെസ്റ്റ് എൽ പി എസ് റെയിൽവേ ലൈൻ റോഡ് റീടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 38/20,88/21 |
| അടങ്കൽ | 670000-വികസന ഫണ്ട് ജനറൽ |
| ചെലവ് | 495033(ബിൽ നമ്പർ 38/20-21<br>തീയതി 29.03.21) |
| കരാറുകാരൻ | ശ്രീ രഞ്ജിത്ത് കെ പി-629032.77 |
| എം ബുക്ക് നമ്പർ | 21/19-20 |

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 200മീറ്റർ റോഡിൽ, 42മീറ്റർ നീളത്തിൽ നിലവിലുള്ള റോഡ് ഉയർത്തിയ ശേഷം ടാറിംഗ് ചെയ്യാനും ബാക്കി ഭാഗം റീടാറിംഗ് ചെയ്യാനും തയ്യാറാക്കിയ പദ്ധതിയാണിത്. നിർവ്വഹണ വേളയിൽ സാങ്കേതിക ക്ഷമതയില്ലാത്ത സാധനങ്ങൾ ഉപയോഗപ്പെടുത്തിയതിനാൽ പ്രവൃത്തി നിർത്തി വെക്കാനും ചെയ്ത പ്രവൃത്തികൾ കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ സ്വന്തം ചെലവിൽ മാറ്റി നിർമ്മിക്കാനും നിർദ്ദേശം നല്കിയതായി ഫയലിൽ സൂചനയുണ്ട്. അതിനു ശേഷം എസ്റ്റിമേറ്റ് പുതുക്കുകയും 217 മീറ്റർ നീളത്തിൽ പ്രവൃത്തികൾ നടത്തുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത റോഡിൽ പ്രവൃത്തി ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അനുമതി വാങ്ങിയതായോ കൂടുതൽ പ്രവൃത്തികൾ ചെയ്യുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്തിനെ അറിയിച്ചതായോ രേഖകളില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം റോഡിന്റെ ആകെ നീളം എത്രയാണെന്നോ ഗ്രാമപഞ്ചായത്ത് പ്രസ്തുത റോഡിൽ സമീപ വർഷങ്ങളിൽ എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്നോ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശമില്ല.

ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള അപേക്ഷയില്ലാതെ കൂടുതൽ നീളത്തിൽ റോഡ് റീടാറിംഗ് നടത്തിയതിന് വിശദീകരണം നല്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 16/24.04.22 ന് മറുപടിയായി 200 മീറ്റർ നീളത്തിൽ മാത്രമായിരുന്ന റീടാറിംഗ് പ്രൊപ്പോസ് ചെയ്തിരുന്നതെങ്കിലും 217 മീറ്റർ നീളത്തിൽ ചെയ്താൽ റോഡ് ജംഗ്ഷൻ വരെ പൂർണ്ണമായും റീടാറിംഗ് സാധ്യമാകും എന്നതിനാൽ പ്രസ്തുത രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത്

പ്രവൃത്തി നടപ്പാക്കുകയാണുണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പ് സ്ഥലപരിശോധന നടത്തി ആവശ്യകതാ നിർണ്ണയം നടത്താത്തത് ആസൂത്രണത്തിലെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കി റോഡിന്റെ അളവുകൾ സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 വടേശ്വരം കോളനി നടപ്പാത ഇന്റർ ലോക്ക്- പ്രോജക്ട് പ്രകാരമുള്ള അളവുകളും എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ അളവുകളും പൊരുത്തപ്പെടുന്നില്ല-408269രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ – 56/21, വടേശ്വരം കോളനി നടപ്പാത ഇന്റർലോക്ക്

അടങ്കൽ – 500000(400000 – വികസന ഫണ്ട്, 100000തനതു ഫണ്ട്)
ചെലവ്
₹408269
ബിൽ നമ്പർ 29/20-21 06.02.21 ₹400000
ചെക്ക് നമ്പർ 1371627/06.05.21 ₹8269

പ്രസ്തുത പദ്ധതിയുടെ പ്രോജക്ടിൽ 100മീറ്റർ നീളവും 2 മീറ്റർ വീതിയുമുള്ള നടപ്പാത എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് 110മീറ്റർ നീളമുള്ള നടപ്പാത 2.8 മീറ്റർ മുതൽ 3.4 മീറ്റർ വരെ വീതിയിൽ ഇന്റർലോക്കിംഗ് ചെയ്യാനാണ്. എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയതു പ്രകാരവും നടപ്പാതയുടെ വീതി 2.5 മീറ്റർ മുതൽ 8.5 മീറ്റർ വരെയാണ്. കൂടാതെ 0.1 മീറ്റർ വീതിയിൽ സൈഡ് കോൺക്രീറ്റിംഗും ചെയ്തിട്ടുണ്ട്. പൊരുത്തക്കേടുകൾക്ക് വിശദീകരണം നല്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 39/3.05.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഗ്രാമപഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥലത്തു തന്നെയാണോ പദ്ധതി നടപ്പാക്കിയത് എന്ന് ഉറപ്പു വരുത്തുന്നതിനായി പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന പ്രസ്തുത പദ്ധതിപ്രദേശവുമായി ബന്ധപ്പെട്ട ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്
രേഖകളുടെ അഭാവത്തിൽ 408269രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-31 സൈന്യം, പാരമിലിട്ടറി, പോലീസ് വിഭാഗങ്ങളിലേക്ക് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 71/21 സൈന്യം, പാരമിലിട്ടറി, പോലീസ് വിഭാഗങ്ങളിലേക്ക് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് |
| അടങ്കൽ | 60,000 വികസനഫണ്ട് (എസ്. സി.പി) |
| ബിൽ നമ്പർ തീയതി തുക | 3/16-04-2020 60,000 |

2019-20 വർഷത്തെ 40/20 സൈന്യം, പാരമിലിട്ടറി, പോലീസ് വിഭാഗങ്ങളിലേക്ക് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് എന്ന പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ടാണിത്. 2019-20 വർഷം താഴെ പറയുന്നവർക്ക് പരിശീലനം നൽകുന്നതിനായി 84,000 രൂപയും ( ബിൽ നമ്പർ / തീയതി 12/20-02-2020, 20/31-03-2020 42,000 രൂപ വീതം ) തൻവർഷം 60,000 രൂപയും ഉൾപ്പെടെ 1,44,000 രൂപ പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ കോഴിക്കോടിന് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | റിജിൽ കെ |
| 2 | സൗരവ് സി |
| 3 | ജിഷ്ണുപ്രസാദ് കെ |
| 4 | ജിഷ്ണു കൃഷ്ണൻ കെ |
| 5 | അതുൽ എൻ |

| | |
|---|---|
| 6 | അശ്വിൻ ടി |
| 7 | ശരത്ബാബു |

പരിശീലനാർത്ഥികളിൽ എത്ര പേർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഓരോരുത്തർക്ക് എത്ര രൂപവീതം ഫീസ് ഒടുക്കിയതെന്നും വ്യക്തമല്ല. പരിശീലനം ലഭിച്ചവരുടെ കോഴ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അറ്റന്റൻസിന്റെ പകർപ്പ്, ഫീഡ് ബാക്ക് എന്നിവ ഹാജരാക്കിയിട്ടില്ല. പരിശീലനത്തിന് അയച്ച മുഴുവൻ പേരും പരിശീലനം പൂർത്തിയാക്കിയിരുന്നോ എന്ന് പരിശോധിക്കാതെയാണ് തുക അനുവദിച്ചത്. പരിശീലനാർത്ഥികളുടെ കോഴ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അറ്റന്റൻസിന്റെ പകർപ്പ്, എന്നിവ ഹാജരാക്കേണ്ടതും കോഴ്സ് പൂർത്തീകരിച്ചവരുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്. കോഴ്സിന് ഹാജരാകാതവരുടെ ഫീസ് ഒടുക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ച് പരിശീലന കാലയളവിലെ ഫീസ് മാത്രം ഒടുക്കിയെന്ന് ഉറപ്പ് വരുത്തി അധികം തുക നൽകിയിട്ടുണ്ടെങ്കിൽ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/28-04-2022) അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് നിർവ്വഹണ ഉദ്യാഗസ്ഥ അറിയിച്ചിട്ടുണ്ട്.

## 1-32 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ - 256000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 69/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ 3,56,000 | 92560 വികസനഫണ്ട് (ജനറൽ)<br>263440 തനത് ഫണ്ട് |
| ആകെ ചെലവ് 2,56,000<br>ബിൽ നമ്പർ തീയതി | 01/17-04-2020 92,560<br>ചെക്ക് നമ്പർ തീയതി 5856327/16-06-2020 163440 |

2019-20 ലെ പ്രോജക്ട് നമ്പർ 29/20 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ടാണിത്. പ്രോജക്ട് പ്രകാരം 2019-20 വർഷം വികസന ഫണ്ടിൽ നിന്ന് 10,44,000 രൂപയും തനത്ഫണ്ടിൽ നിന്ന് 1,00,000 രൂപയും അനുവദിച്ചിട്ടുണ്ട്. തൻവർഷം അനുവദിച്ച 2,56,000 ഉൾപ്പെടെ ആകെ 14,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ/ചെക്ക് നമ്പർ തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | അജിത ടി | 2/30-09-2019 | 50000 |
| | | 7/21-11-2019 | 50000 |
| | | 8/13-01-2020 | 50000 |
| | | 5858304/30-03-2020 | 50000 |
| 2 | രമ ടി | 2/30-09-2019 | 50000 |
| | | 7/21-11-2019 | 100000 |
| | | 1/17-04-2020 | 50000 |
| 3 | ചന്ദ്രമതി ഇ | 2/30-09-2019 | 50000 |
| | | 8/13-01-2020 | 100000 |
| | | 5858304/30-03-2020 | 50000 |
| 4 | കൊയിലേരിയൻ ലളിത | 2/30-09-2019 | 50000 |
| | | 7/21-11-2019 | 100000 |
| | | 1/17-04-2020 | 42560 |
| 5 | കൃഷ്ണൻ .കെ | 2/30-09-2019 | 50000 |
| | | 8/13-01-2020 | 100000 |
| | | 17/31-03-2020 | 44000 |
| | | 5856327/16-06-2020 | 6000 |
| 6 | അനിത ടി | 2/30-09-2019 | 50000 |
| 7 | ജ്യോതി കെ | 2/30-09-2019 | 50000 |

| | | | |
|---|---|---|---|
| | | 8/13-01-2020 | 100000 |
| | | 5856327/16-06-2020 | 50000 |
| 8 | ജയരാജൻ ഇ | 8/13-01-2020 | 50000 |
| | | 5856327/16-06-2020 | 100000 |

1- ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

2- മുൻകൂർ തുക നല്കുന്നതിന് മുമ്പ് ഗുണഭോക്താക്കളുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. (ഗുണഭോക്താക്കളുടെ പേരിൽ 200 രൂപയുടെ സ്റ്റാമ്പ് പേപ്പർ യാതൊരു രേഖപ്പെടുത്തലുകളും നടത്താതെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.)

3- പഠനമുറി നിർമ്മാണത്തിന് വിവിധ ഘട്ടങ്ങളിലായി തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓരോ ഗഡു നല്കുമ്പോഴും നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന വിവരം ഫയലിൽ ലഭ്യമല്ല. നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

4- അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകേണ്ടതെന്ന നിർദ്ദേശം പാലിക്കാതെ തുക അനുവദിച്ചു.

5 പഠനമുറി നിർമ്മാണത്തിന് മുൻകൂർ തുക ലഭിച്ച ഗുണഭോക്താക്കളിൽ ഏത്ര പേർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല.

6 – കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല.

7- ക്രമ നമ്പർ 6 അനിത ടി എന്നവർക്ക് ( IFSC CODE SBIN0070776 Account No. 67170710745) 50000 രൂപ നൽകിയിട്ടുണ്ട്. അപേക്ഷ, വീടിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ, ജാതി സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം, എസ്റ്റിമേറ്റ് എന്നിവ ഇല്ലാതെയാണ് തുക അനുവദിച്ചത്. അപേക്ഷയില്ലാതെ തുക അനുവദിച്ചതിന് കാരണം അറിയിക്കേണ്ടതാണ്. പഠനമുറിക്ക് ആനുകൂല്യം അനുവദിക്കുമ്പോൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ അനിത ടി എന്നവർക്ക് തുക അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ട് തയ്യാറാക്കിയത് 7 ഗുണഭോക്താക്കൾക്ക് 200000രൂപ വീതം അനുവദിക്കാനാണ്. പ്രോജക്ടിൽ ഉൾപ്പെടുതിലും അധികം ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തതിന്റെ അടിസ്ഥാനം അറിയിക്കേണ്ടതാണ്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/28-04-2022) അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അപാകങ്ങൾ കാരണം 2,56,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 ഒഴിഞ്ഞ ബാരൽ വില

ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് വർഷങ്ങളിൽ നടത്തിയ റോഡ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഈടാക്കിയ ഒഴിഞ്ഞ ബാരൽ വിലയും ജി എസ് ടി യും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള 719011400000150 നമ്പർ ടി എസ് ബി അക്കൗണ്ടിലേക്കാണ് നിക്ഷേപിച്ചിട്ടുള്ളത്. പ്രസ്തുത തുക സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കാതെ സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിലേക്ക് നിക്ഷേപിക്കുന്ന തിന്റെ കാരണം അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/19.04.22 ന് മറുപടിയായി ഒഴിഞ്ഞ ബാരൽ വിലയിനത്തിൽ സ്ക്രാപ്പ് ഡ്രമ്മിന് ഈടാക്കാവുന്ന പരമാവധി തുകയായ 240രൂപയും 18% ജി എസ് ടിയും 1% പ്രളയസെസ്സും ഈടാക്കിയിട്ടുണ്ടെന്നും തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി കോടതി വ്യവഹാരങ്ങൾ നടന്നു വരുന്ന സാഹചര്യത്തിൽ , സഞ്ചിതനിധിയിലേക്ക് ഒടുക്കിയാൽ പിന്നീട് തുക മറ്റേതെങ്കിലും വിധത്തിൽ കൈകാര്യം ചെയ്യേണ്ട സാഹചര്യം വരികയാണെങ്കിൽ തിരികെ ലഭിക്കില്ല എന്നതിനാലാണ് ഒഴിഞ്ഞ ബാരൽ വില തനതു ഫണ്ട് അക്കൌണ്ടിൽ ഒടുക്കു വരുത്തിയതെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. എന്നാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിക്കാതെ തനതു വരുമാനമായാണ് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ശരിയല്ല.തുക ബാധ്യതയായി ഉൾപ്പെടുത്തേണ്ടതും മേൽ നിർദ്ദേശങ്ങൾ വരുന്ന മുറക്ക് സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-34 പട്ടികജാതി പ്രീമെട്രിക്ക് ഹോസ്റ്റലിൽ ടെലിവിഷൻ, പട്ടികജാതി വികസന ഓഫീസിൽ കമ്പ്യൂട്ടർ ഫർണിച്ചർ വാങ്ങൽ അപാകങ്ങൾ 31545 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 138/21 പട്ടികജാതി പ്രീമെട്രിക്ക് |

| | |
|---|---|
| | ഹോസ്റ്റലിൽ ടെലിവിഷൻ , പട്ടികജാതി വികസന ഓഫീസിൽ കമ്പ്യൂട്ടർ ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ 118103 | 97770വികസനഫണ്ട് (എസ്. സി.പി)<br>20333 മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം) |
| ബിൽ നമ്പർ തീയതി തുക 104615 | 21/29-03-2021 38871<br>24/29-03-2021 34199<br>25/29-03-2021 24700<br>27/29-03-2021 6845 |

പ്രോജക്ട് പ്രകാരം പ്രീ മെട്രിക്ക് ഹോസ്റ്റലിൽ ഫ്രിഡ്ജ്, പട്ടികജാതി വികസന ഓഫീസിൽ കമ്പ്യൂട്ടർ മേശ, കസേര ,അലമാര എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത് . ഇതിൽ ഫ്രഡ്ജ് വാങ്ങിയതിന് ₹38871 നിക്ഷാൻ ഇലക്ട്രോണിക്സ് കണ്ണൂരിനും, എക്സിക്യൂട്ടീവ് ടേബിൽ, കസേര എന്നിവ വാങ്ങിയതിന് ₹34199 റബ്കോ കണ്ണൂരിനും, കമ്പ്യൂട്ടർ വാങ്ങുന്നതിന് ₹31545 രൂപ കെൽട്രോൺ തിരുവനന്തപുരത്തിനും നൽകിയിട്ടുണ്ട്.

ഫ്രിഡ്ജ്, പ്രീ മെട്രിക്ക് ഹോസ്റ്റലിൽ ലഭിച്ചിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ടെങ്കിലും പ്രീ മെട്രിക്ക് ഹോസ്റ്റലിന്റെ സ്റ്റോക്ക് രജിസ്റ്റർ, ഉപകരണങ്ങൾ സ്ഥാപനത്തിൽ ലഭിച്ചതിന്റെ കൈപ്പറ്റ് രശീത് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കൈപ്പറ്റ് രശീത് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കമ്പ്യൂട്ടർ നാളിതുവരെ ലഭിച്ചിട്ടില്ല. വെബ് സാംഖ്യയിലെ റിപ്പോർട്ട് പരിശോധിച്ചതിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോണിന് നൽകിയ 31545 രൂപ കെൽട്രോണിന്റെ അക്കൗണ്ടിൽ മാറിയതായി കാണുന്നില്ല. അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് 41/03-05-2022 ന് മറുപടി തുക കെൽട്രോണിന്റെ അക്കൗണ്ടിൽ വരവ് വരാത്തതിന്റെ കാരണം അറിയില്ലെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. അപാകത കാരണം 31545 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകത പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 വൃദ്ധമന്ദിരത്തിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ അപാകങ്ങൾ 20685 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സൂപ്രണ്ട് ഗവൺമെന്റ് ഓൾഡ് ഏജ് ഹോം കണ്ണൂർ |
| പ്രൊജക്ട് നമ്പർ, പേര് | 81/21 വൃദ്ധമന്ദിരത്തിൽ പ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ - | 4,25,000 വികസനഫണ്ട് ജനറൽ |
| നിർവഹണം | അക്ഷയ ഉർജ്ജ സെന്റർ കയരളം |
| ആകെ പ്രവൃത്തിമൂല്യം | 413700 |
| തുക ബിൽ നമ്പർ,തീയതി/ തുക | 01/17-04-2020 413700 |

ഗവൺമെന്റ് വൃദ്ധമന്ദിരം അഴീക്കോട് 7KV സോളാർ പ്ലാന്റ് സ്ഥാപിച്ചതിന് 413700 അക്ഷയ ഉർജ്ജ സെന്റർ കയരളം എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1- സ്രോതസ്സിൽ നിന്ന് നികുതികൾ കുറവ് ചെയ്യാതെ തുക അനുവദിച്ചു.

ഉർജ്ജ സെന്റർ കയരളം എന്ന സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ നിർമ്മാണത്തൊഴിലാളി ക്ഷേമനിധിവിഹിതം

(1%) 4137,ആദായനികുതി ടി ഡി എസ് 8274(2%) ,ജി എസ് ടി ടി ഡി എസ് 8274(2%) എന്നിവ റിക്കവറി നടത്തിയിട്ടില്ല. ഇത് കാരണംഉർജ്ജ സെന്റർ കയരളം എന്ന സ്ഥാപനത്തിന് 20685 രൂപ അധികം നൽകിയിട്ടുണ്ട്. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

2-പ്രവൃത്തി പൂർത്തിയായാൽ ഗുണമേൻമയും സ്പെസിഫിക്കേഷനും പരിശോധിച്ച് അനർട്ട് ജില്ലാ എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുക അനുവദിക്കാവൂ എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഇത് കാരണം ഗുണമേൻമയും സ്പെസിഫിക്കേഷനും ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. നിലവിൽ വൈദ്യുതി വിതരണം ഇല്ലാത്ത രാത്രിസമയങ്ങളിൽ മാത്രമാണ് പ്രയോജനം ലഭിക്കുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അനർട്ട് ജില്ലാ എഞ്ചിനിയറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
3.മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.
4ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്) മാർഗ്ഗരേഖ പ്രകാരം സോളാർ പവർ പ്ലാന്റിന് സർക്കാരിന്റെ പാരമ്പര്യേതര ഊർജ്ജ വികസന മന്ത്രാലയത്തിന്റെ സബ്സിഡി ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമല്ല. ലഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയിക്കേണ്ടതാണ്.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/04-05-2022) പദ്ധതി നടപ്പിലാക്കിയ കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് മറുപടി ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ കാരണം 20685 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതൾ പരിഹരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-36 തനത് ഫണ്ട് ചെലവ് രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല - വിശദമായ അന്വേഷണം ആവശ്യമാണ്

തനത്ഫണ്ട് ചെലവ് സംബന്ധിച്ച് രേഖകൾ തയ്യാറാക്കിയതിലും സൂക്ഷിക്കുന്നതിലും നിരവധി അപാകങ്ങൾ കാണുന്നു.

1- വൗച്ചറുകൾ ക്രമത്തിൽ അടുക്കി സൂക്ഷിക്കുന്നില്ല.

2- ചെലവുകളുടെ അനുബന്ധ വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.

3- ചെലവുകൾ അംഗീകരിച്ച് പ്രസിഡന്റ് വൗച്ചറുകളിൽ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

4- എല്ലാ വൗച്ചറുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എം.ജി എൻ.ആർ.ഇ.ജി എസ് ജീവനക്കാരുടെ വേതനം, ദിവസ വേതനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവറുടെ വേതനം എന്നീ വൗച്ചറുകൾ മുഴുവനായി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കാത്ത മറ്റുവൗച്ചറുകളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ തീയതി | തുക | ഇനം |
|---|---|---|---|
| 1 | 5858315/11-05-2020 | 33800 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സംഭാവന നൽകിയത് |
| 2 | 5858342/13-07-2020 | 4399 | വൈദ്യുതി ചാർജ് |
| 3 | 5838601/03-08-2020 | 1941 | വൈദ്യുതി ചാർജ് |

5- വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകങ്ങൾ

| ക്രമ നമ്പർ | ചെക്ക് നമ്പർ തീയതി | തുക | ഇനം | അപാകങ്ങൾ |
|---|---|---|---|---|
| 1 | 5858317/19-05-2020 | 6731 | KL 13 AC 1732 നമ്പർ വാഹനത്തിന്റെ ഇൻഷ്വറൻസ് റിലയാൻസ് ഇൻഷ്വൂറൻസ് | 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവ് പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷ്യൂറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വൂറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | |
| 2 | 5838682/17-03-2021 | 34,000 | ഇലക്ഷന് മത്സരിച്ചവരുടെ ഡപ്പോസിറ്റ് തുക തിരികെ നൽകിയത് 17X2000=34,000 | തിരികെ നൽകുന്നതിന് ആസ്പദമായ രേഖകൾ ഹാജരാക്കിയിട്ടില്ല. (ഡപ്പോസിറ്റ് രശീത്, വിജയിച്ച സ്ഥാനാർത്ഥിയാണോയെന്നും/ ആകെ പോൾ ചെയ്ത വോട്ടിന്റെ 1/5 വോട്ട് ലഭിച്ചിട്ടുണ്ടോയെന്ന് തെളിയിക്കുന്ന രേഖകൾ/ സ്ഥാനാർത്ഥിത്വം പിൻവലിച്ച രേഖകൾ) |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/06-05-2022) രേഖകൾ ഹാജരാക്കുകയോ, മറുപടി നൽകുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതും, അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-37 അഴീക്കോട് സി എച്ച് സിയിൽ ഡെന്റൽ ചെയർ, ഡെന്റൽ കൺസ്യൂമബിൽസ് വാങ്ങൽ അപാകങ്ങൾ 11853 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി അഴീക്കോട് |
| പ്രൊജക്ട് നമ്പർ, പേര് | 85/21 അഴീക്കോട് സി എച്ച് സിയിൽ ഡെന്റൽ ചേയർ, ഡെന്റൽ കൺസ്യൂമബിൽസ് വാങ്ങൽ |
| അടങ്കൽ - | 173563 വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ തീയതി | 2/24-04-2020 173563 |

പ്രോജക്ട് പ്രകാരം അഴീക്കോട് സി എച്ച് സിയിൽ ഡെന്റൽ ചെയർ, ഡെന്റൽ കൺസ്യൂമബിൽസ് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തൈക്കാടിന് 173563 രൂപ അനുവദിച്ചിട്ടുണ്ട്. (Proforma Invoice 230/2019-20 തിയതി 19-02-2020) എന്നാൽ ഇൻവോയിസ് നമ്പർ PB 20-21-1471 തീയതി 31-10-2020 പ്രകാരം 161710 രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമായത്. അധികം നൽകിയ തുക (173563- 161710 =11853 രൂപ) തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4706-05-2022) മറുപടി ലഭിച്ചിട്ടില്ല. 11853 രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. 11853 ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 അഴീക്കോട് സി എച്ച് സിയിൽ ഡയാലിസിസ് യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല- 527960 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

അഴീക്കോട് സി എച്ച് സിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി തൻ വർഷം 3 പ്രോജക്ടുകളിലായി 23,14,842 രൂപ ചെലവ് ചെയ്തിട്ടുണ്ടെങ്കിലും നാളിത് വരെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിലെ മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി അഴീക്കോട് |
| പ്രൊജക്ട് നമ്പർ, പേര് | 85/21 അഴീക്കോട് സി എച്ച് സിയിൽ ഡയാലിസിസ് യൂണിറ്റ് - ആർ ഒ പ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ - | 527960വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ തീയതി | 34/31-01-2021 527960 |

1.ആർ ഒ പ്ലാന്റ് സ്ഥാപിക്കൽ അപാകങ്ങൾ

പ്രോജക്ട് പ്രകാരം അഴീക്കോട് സി എച്ച് സിയിൽ ഡയാലിസിസ് യൂണിറ്റിന് ആർ ഒ പ്ലാന്റ് സ്ഥാപിക്കുന്നതിന് 527960 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തൈക്കാടിന് അനുവദിച്ചിട്ടുണ്ട്. (Proforma Invoice 195/2019-20 തിയതി 25-01-2020) എന്നാൽ പ്ലാന്റ് സ്ഥാപിച്ചതിന്റെ റിപ്പോർട്ട് ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആർ ഒ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോയെന്ന് അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 46/06-05-2022 ന് മറുപടി ലഭിച്ചിട്ടില്ല.

2.പ്രോജക്ട് നമ്പർ 63/2021 അഴീക്കോട് സി എച്ച് സിയിൽ ഡയാലിസിസ് യൂണിറ്റിലേക്ക് ആവശ്യമായ ഉപകരണങ്ങളും സാധന സാമഗ്രികളും വാങ്ങൽ പ്രോജക്ട് പ്രകാരം 13,56,882 ചെലവ് ചെയ്തിട്ടുണ്ട്.

| ബിൽ നമ്പർ തിയതി | തുക | സ്ഥാപനം |
|---|---|---|
| 22/30-10 -2020 | 740702 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തൈക്കാട് |
| 31/29-03 -2021 | 116190 | ആർട്ടിസാൻ ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് കോഴിക്കോട് |
| 32/29-03 -2021 | 499990 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തൈക്കാട് |

ബന്ധപ്പെട്ട ഫയൽ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഉപകരണങ്ങൾ ലഭിച്ചിരുന്നോയെന്ന് വ്യക്തമല്ല. ഫയൽ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

പ്രോജക്ട് നമ്പർ 136/2021 അഴീക്കോട് സി എച്ച് സിയിൽ ഡയാലിസിസ് സെന്റർ പ്രവർത്തനത്തിനായി ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനായി 430000 (ബിൽ നമ്പർ 35/31-03-2021 ) രൂപ ഇലക്ട്രിക്കൽ എഞ്ചിനീയർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ കണ്ണൂരിന് നൽകിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ട്രാൻസ്ഫോമർ പ്രവർത്തനക്ഷമമാണോയെന്നും വ്യക്തമല്ല.

അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (46/06-05-2022) മറുപടി ലഭിച്ചിട്ടില്ല. 23,14,842 രൂപ ചെലവഴിച്ചിട്ടും ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. അപാകങ്ങൾ പരിഹരിച്ച് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനാവിശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. ആർ ഒ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ചെലവഴിച്ച 527960 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ 10,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 30/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 10,00,000 വികസനഫണ്ട് (എസ്. സി.പി) |
| ആകെ ചെലവ് 10,00,000<br>ബിൽ നമ്പർ തീയതി | 9/30-01-2021 ₹2,50,000<br>12/16-02-2021 ₹2,50,000<br>19/22-03-2021 ₹50,000<br>20/22-03-2021 ₹2,00,000<br>22/29-03-2021 ₹2,50,000 |

പ്രോജക്റ്റ് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിന് 2,00,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ/ചെക്ക് നമ്പർ തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | രാജീവൻ പി | 9/30-01-2021 | 50000 |
| | | 12/16-02-2021 | 50000 |
| | | 20/22-03-2021 | 50000 |
| | | 22/29-03-2021 | 50000 |
| 2 | സുനിത പി | 9/30-01-2021 | 50000 |
| | | 12/16-02-2021 | 50000 |
| | | 20/22-03-2021 | 50000 |
| | | 22/29-03-2021 | 50000 |
| 3 | പ്രസീത് പി | 9/30-01-2021 | 50000 |
| | | 12/16-02-2021 | 50000 |
| | | 20/22-03-2021 | 50000 |
| | | 22/29-03-2021 | 50000 |
| 4 | അമിത കെ | 9/30-01-2021 | 50000 |
| | | 12/16-02-2021 | 50000 |
| | | 20/22-03-2021 | 50000 |
| | | 22/29-03-2021 | 50000 |
| 5 | രതീഷ് എ | 9/30-01-2021 | 50000 |
| | | 12/16-02-2021 | 50000 |
| | | 19/22-03-2021 | 50000 |
| | | 22/29-03-2021 | 50000 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

2- മുൻകൂർ തുക നല്കുന്നതിന് മുമ്പ് ഗുണഭോക്താക്കളുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. (ഗുണഭോക്താക്കളുടെ പേരിൽ 200 രൂപയുടെ സ്റ്റാമ്പ് പേപ്പർ യാതൊരു രേഖപ്പെടുത്തലുകളും നടത്താതെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.)

3- പഠനമുറി നിർമ്മാണത്തിന് വിവിധ ഘട്ടങ്ങളിലായി ₹2,00,000 അനുവദിച്ചിട്ടുണ്ട്. എന്നാൽ ഏത് ഘട്ടത്തിലാണ് തുക അനുവദിച്ചതെന്ന വിവരം ഫയലിൽ ലഭ്യമല്ല. നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

4- അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന് അടിസ്ഥാനത്തിലാണ് തുക നൽകേണ്ടതെന്ന നിർദ്ദേശം പാലിക്കാതെ മുഴുവൻ ഗുണഭോക്താക്കൾക്കും 2,00,000 രൂപ വീതം അനുവദിച്ചു.

5 പഠനമുറി നിർമ്മാണത്തിന് 200000 രൂപ ലഭിച്ച ഗുണഭോക്താക്കളിൽ എത്ര പേർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല.

6- തുകയുടെ കൈപറ്റ് രശീത് ഹാജരാക്കിയിട്ടില്ല.

7- രാജീവൻ പി എന്ന ഗുണഭോക്താവിന് പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്ന് പഠനമുറി നിർമ്മാണത്തിന് മുന്നേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം ഇല്ല.

8-സുനിത പി എന്ന ഗുണഭോക്താവിന്റെ വീടിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം, വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്ന് പഠനമുറി നിർമ്മാണത്തിന് മുന്നേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല .

9- അമിത കെ - ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം, ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിന്ന് പഠനമുറി നിർമ്മാണത്തിന് മുന്നേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം ഇല്ല.

10- രതീഷ് എ - വെബ് സാംഖ്യയിലെ റിപ്പോർട്ട് പരിശോധിച്ചതിൽ അനുവദിച്ച 2,00,000 രൂപയിൽ 50,000 രൂപ

(ബിൽ നമ്പർ 12/16-02-2021) മാത്രമാണ് ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ലഭിച്ചതായി കാണുന്നത്. 1,50,000 രൂപ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ വരവ് വരാത്തതിന് കാരണം വ്യക്തമല്ല. ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിന്ന് പഠനമുറി നിർമ്മാണത്തിന് മുന്നേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം ഇല്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല

അപാകങ്ങൾ കാരണം 10,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34-28-04-2022) ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്ന മറുപടിയാണ് ഇപ്പോഴത്തെ നിർവ്വഹണ ഉദ്യോഗസ്ഥ നല്കിയത്.

## 1-40 പ്രീമെടിക്ക് ഹോസ്റ്റലിൽ കമ്പ്യൂട്ടർ, മറ്റ് ഉപകരണങ്ങൾ വാങ്ങൽ -നടപടിക്രമങ്ങളിലെ അപാകങ്ങൾ-48006രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ, പേര് | 79/21 പ്രീമെടിക്ക് ഹോസ്റ്റലിൽ കമ്പ്യൂട്ടർ, മറ്റ് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹75900 വികസനഫണ്ട് (എസ്. സി.പി) |
| ബിൽ നമ്പർ തീയതി തുക | 4/16-04-2020 ₹75900 |

പ്രോജക്റ്റ് പ്രകാരം പ്രീ മെടിക്ക് ഹോസ്റ്റലിൽ വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിന് നിക്ഷാൻ ഇലക്ട്രോണിക്സ് കണ്ണൂരിന് 27894രൂപയും കമ്പ്യൂട്ടർ, യു പി എസ് എന്നിവ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഐ ടി മിഷന് 48,006 രൂപയും നൽകിയിട്ടുണ്ട്. വെബ് സാംഖ്യയിലെ വിതരണ റിപ്പോർട്ട് പരിശോധിച്ചതിൽ 48,006 രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ അക്കൗണ്ടിൽ വരവ് വന്നതായി കാണുന്നില്ല. കമ്പ്യൂട്ടർ, യു പി എസ് പ്യൂരിഫയർ എന്നിവ പ്രീ മെടിക്ക് ഹോസ്റ്റലിൽ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/28-04-2022) വാട്ടർ പ്യൂരിഫയർ ഹോസ്റ്റലിൽ ലഭിച്ചിട്ടുണ്ടെന്നും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭിച്ചിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുക ഒടുക്കി 2 വർഷം കഴിഞ്ഞിട്ടും ഉപകരണങ്ങൾ ലഭിക്കാത്തതിൽ യാതൊരു നടപടിയും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് ഉണ്ടായിട്ടില്ലെന്നത് ഗുരുതരമായ വീഴ്ചയാണ്. പ്രീ മെടിക്ക് ഹോസ്റ്റലിന്റെ സ്റ്റോക്ക് രജിസ്റ്റർ, ഉപകരണങ്ങൾ സ്ഥാപനത്തിൽ ലഭിച്ചതിന്റെ കൈപ്പറ്റ് രശീത് എന്നിവ ഹാജരാക്കിയിട്ടില്ല. അപാകങ്ങൾ കാരണം 48,006 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തുക ഐ ടി മിഷന്റെ അക്കൗണ്ടിൽ വരവു വന്നിട്ടുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതാണ്. ഇല്ലെങ്കിൽ ചെലവഴിച്ച തുകയുടെ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | |
|---|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2019-20 | 27.04.22 | കെ.എസ്.എ/കെ.എൻ.ആർ/സി.5/682/2022<br>തീയതി: 03.06.2022 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികൾക്കായി ലഭിച്ച വിഹിതങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ യാതൊരു രേഖയും ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.
ചിറക്കൽ ഗ്രാമപഞ്ചായത്തിലെ ഗ്രാമൻ കുളം സംരക്ഷണ പ്രവൃത്തികൾക്കായി(പ്രോജക്ട് നമ്പർ 93/21) ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച 100000രൂപയും കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 500000രൂപയും മുഴുവനായും വിനിയോഗിച്ചിട്ടുണ്ട്.വാർഷിക ധനകാര്യ പത്രികയിലെ ബി 4 ഷെഡ്യൂളിൽ ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച തുക നീക്കിയിരിപ്പുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം.തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അഴീക്കോട് ഗ്രാമപഞ്ചായത്ത് പാലക്കൽ വീട് മുതൽ പുന്നക്കൽ കരീം വീട് വരെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, 82/21 | 7/11.04.2020 (ACR) | 110000 | 10000 | 100000 |
| കേരള വാട്ടർ അതോറിറ്റി | അഴീക്കോട് ഗ്രാമപഞ്ചായത്ത് പഴയ അംബികാ കമ്പനി മുതൽ സുബ്രഹ്മണ്യ കോവിൽ വരെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, 83/21 | 6/11.04.20 (ACR) | 190000 | 17273 | 172727 |
| കേരള വാട്ടർ അതോറിറ്റി | സമഗ്ര കുടിവെള്ള പദ്ധതിക്ക് ഡീറ്റെയ്ൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് നല്കുന്നത് , 131/21 | 113/30.10.20(ACR-FCG) | 750000 | 551587 | 198413 |
| കേരള വാട്ടർ അതോറിറ്റി | ചിറക്കൽ ഗ്രാമപഞ്ചായത്തിലെ പുതിയതെരു മാർക്കറ്റ് പ്രദേശത്ത് കുടിവെള്ള പൈപ്പ് | 243/31.03.21 (ACR-FCG) | 166000 | 15091 | 150909 |

| | | | | | | |
|---|---|---|---|---|---|---|
| | ലൈൻ സ്ഥാപിക്കൽ, 132/21 | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 4-6-2 | വില്ലേജ് ഹട്ട് നിർമ്മാണം | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,80,69,391 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,49,27,647 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹18255 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹7231737 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-സർച്ചാർജ്ജ് ചെയ്യാവുന്നവ

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-16 | 8255 | ശ്രീ.സരുൺ.കെ,സെക്രട്ടറി |
| 1-23 | 10000 | ശ്രീ.ശ്രീജേഷ്.കെ, പട്ടികജാതി വികസന ഓഫീസർ |
| ആകെ | ₹18255 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-13 | 1047275 | ശ്രീമതി.ദിവ്യ സി ഡി പി ഒ |
| 1-14 | 1000000 | സെക്രട്ടറി |
| 1-19 | 50144 | ശ്രീ. സുനിൽ കുമാർ കെ , സെക്രട്ടറി |
| 1-23 | 1000000 | സെക്രട്ടറി |
| 1-24 | 1830000 | ശ്രീ.ശ്രീജേഷ്.കെ, പട്ടികജാതി വികസന ഓഫീസർ |
| 1-30 | 408269 | ശ്രീ.അരവിന്ദ് ഇ എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 256000 | ശ്രീ.ശ്രീജേഷ് കെ., പട്ടികജാതി വികസന ഓഫീസർ |
| 1-34 | 31545 | ശ്രീ.ശ്രീജേഷ്.കെ, പട്ടികജാതി വികസന ഓഫീസർ |
| 1-35 | 20685 | ശ്രീ.മോഹനൻ ബി, സൂപ്രണ്ട്, ഗവ.വൃദ്ധസദനം |
| 1-37 | 11853 | ഡോ.ഷാഹിനാബായ്,മെഡിക്കൽ ഓഫീസർ, സി എച്ച് സി , അഴീക്കോട് |
| 1-38 | 527960 | മെഡിക്കൽ ഓഫീസർ, സി എച്ച് സി , അഴീക്കോട് |
| 1-39 | 1000000 | ശ്രീ.ശ്രീജേഷ്.കെ, പട്ടികജാതി വികസന ഓഫീസർ |
| 1-40 | 48006 | ശ്രീ.ശ്രീജേഷ്.കെ, പട്ടികജാതി വികസന ഓഫീസർ |
| ആകെ | ₹7231737 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ 1-35

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-36

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സരുൺ കെ, സെക്രട്ടറി | ബി ഡി ഒ, മേലടി ബ്ലോക്ക് പഞ്ചായത്ത് | ശ്രീരാഗം ഹൗസ്, ചോറോട് ഈസ്റ്റ് പി ഒ ,വടകര |
| ശ്രീമതി. ദിവ്യ വത്സൻ ,ക്ഷീരവികസന ഓഫീസർ | .. | കുമ്പളപറമ്പിൽ ഹൗസ്, കണിമംഗലം പോസ്റ്റ് , തൃശ്ശൂർ |
| ശ്രീ.ശ്രീജേഷ്.കെ, പട്ടികജാതി വികസന ഓഫീസർ | കേരളഹൗസ്, ന്യൂഡൽഹി | ശ്രീസമീരം, മുണ്ടയാട്, പി ഒ വാരം |
| ഡോ,ഷാഹിനാബായി,മെഡിക്കൽ ഓഫീസർ,സിഎച്ച് സി ,അഴീക്കോട് | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, പഴയങ്ങാടി | ഹൗസ് നമ്പർ 17, പി പി എസ് നഗർ, കടപ്പുറം |
| ശ്രീ.സുനിൽ കുമാർ കെ, സെക്രട്ടറി | ജോയിന്റ് ബി ഡി ഒ (ഇ ജി എസ്) , കണ്ണൂർ ബ്ലോക്ക് | കേളോത്ത് ഹൗസ്, പടപ്പേങ്ങാട് പി ഒ , പടപ്പേങ്ങാട് |

| | | |
|---|---|---|
| ശ്രീ അരവിന്ദ്. ഇ എൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | ശങ്കർ ഭവൻ, കൂടാളി പി.ഒ.,<br>കണ്ണൂർ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 1 |
| 2001-02 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 2 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 3 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 4 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 7 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 6 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 5 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 2 |
| 2009-10<br>2010-11<br>2011-12 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 14 |
| 2012-13,<br>2013-14 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19<br>തീയതി :28.05.19 | 11 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19 തീയതി :28.05.19 | 11 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19 തീയതി :28.05.19 | 18 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ./C5/738/19 തീയതി :28.05.19 | 12 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ. /സി.5/321/2019 തീയതി 06.07.2019 | 15 |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ./സി.5/929/22 തീയതി 09.03.22 | 12 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./സി.5/681/22 തീയതിഃ 03.06.2022 | 24 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Kannur Block Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 9733209.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 69004.00 |
| 150000000 | Sale & Hire Charges | RP-5 | 96640.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47188237.00 |
| 171000000 | Interest Earned | RP-9 | 32196.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 288595.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 14090.00 |
| 340000000 | Deposits Received | RP-34 | 169296.00 |
| 350000000 | Other Liabilities | RP-36 | 63033.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 148300.00 |
| | Grand total | | 57802600.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3041827.00 |
| 220000000 | Administrative Expenses | RP-12 | 731556.00 |
| 230000000 | Operations & Maintenance | RP-13 | 354579.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6536083.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14200357.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 645441.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 269389.00 |
| 255000000 | Maintenance Projects | RP-20 | 7893382.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 863726.00 |
| 280000000 | Prior Period item | RP-26 | 33211.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 72.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 52402.00 |
| 350000000 | Other Liabilities | RP-36 | 30505.00 |
| 410000000 | Fixed Assets | RP-38 | 2710166.00 |
| 412000000 | Capital work in Progress | RP-40 | 9497856.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8044595.00 |
| 460000000 | Loans, Advances and Deposits | RP-47 | 22500.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 2874953.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 57802600.00 |

2.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kannur Block Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 579020.00 |
| 140000000 | Fee & User Charges | I-4(b) | 69004.00 |
| 150000000 | Sale & Hire Charges | I-5(b) | 100390.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 47188237.00 |
| 171000000 | Interest Earned | I-8 | 32196.00 |
| 180000000 | Other Income | I-9 | 14090.00 |
| | Total Income | | 47982937.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3181858.00 |
| 220000000 | Administrative Expenses | I-11(b) | 731556.00 |
| 230000000 | Operations & Maintenance | I-12(b) | 354579.00 |
| 240000000 | Interest & Finance Charges | I-13 | 72.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6536083.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 14200357.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1223056.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 269389.00 |
| 255000000 | Maintenance Projects | I-14(e) | 7893382.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 863726.00 |
| 272000000 | Depreciation | I-17(a) | 5292360.00 |
| | Total Expenditure | | 40546418.00 |

| | | | |
|---|---|---|---|
| | Gross Surplus/ Deficit of income over Expenditure | | 7436519.00 |
| 280000000 | Prior Period Item | I-18 | 33211.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 7403308.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3.ബാലൻസ് ഷീറ്റ്

| Kannur Block Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31.03.2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 55592213.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 14934142.00 |
| | Total Reserve & Surplus | | 70526355.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2399101.00 |
| | Total Grants, Contributions for Specific Purposes | | 2399101.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 550821.00 |
| 350000000 | Other Liabilities | B-9 | 1067715.00 |
| | Total Current Liabilities and Provisions | | 1618536.00 |
| | TOTAL LIABILITIES | | 74543992.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 78414134.00 |
| 411000000 | Accumulated Depreciation | B-11 | -18567880.00 |
| 412000000 | Capital Work in Progress | B-11(a) | 2463296.00 |
| | Total Fixed Assets | | 62309550.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 8886331.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 2874953.00 |
| 460000000 | Loans, Advances and Deposits | B-18 | 473158.00 |
| | Total Current Assets, Loans and Advances | | 12234442.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |

| | | |
|---|---|---|
| | TOTAL ASSETS | 74543992.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.